# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 46 | THE ONLINE OFFICIAL NEWS BULLETIN | 2024 October 24


SEASON OF CROSS | സ്ലീബാകാലം | ܥܕܢܐ ܕܨܠܝܒܐ

| ܚܕܒܫܒܐ SUNDAY | ܬܪܝܢܒܫܒܐ MONDAY | ܬܠܬܐ ܒܫܒܐ TUESDAY | ܐܪܒܥܐ ܒܫܒܐ WEDNESDAY | ܚܡܫܐ ܒܫܒܐ THURSDAY | ܥܪܘܒܬܐ FRIDAY | ܫܒܬܐ SATURDAY |
|---|---|---|---|---|---|---|
| 7th Sunday after the Holy Cross ♪7 27 | ♪3 28 | ♪7 29 | ♪3 30 | ♪7 31 | Feast of All Saints ♪3 1 |  122nd Comm. of St. Gregorios ✠ (Parumala Seminary) 117th Mem. of Kadavil Paulose Mar Athanasios Metropolitan ✠ (Aluva Thrikkunathu Seminary) ♪8 2 |



സണ്ടേസ്കൂൾ കോട്ടയം ഭദ്രാസനം പുതുപ്പള്ളി സെന്റ് ജോർജ് പള്ളിയിൽ വച്ച് നടത്തിയ വിദ്യാർത്ഥി–രക്ഷാകർത്തൃ മഹാസംഗമം പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.



മാർ തേവോദോസിയോസ് അവാർഡ് 2024 തിരുവനന്തപുരം കാരുണ്യ വിശ്രാന്തിഭവന്റെ പ്രവർത്തകരായ ഡീക്കൻ വർഗീസ് ജോർജിനും സിസ്റ്റർ എലിസബത്തിനും പ. കാതോലിക്കാ ബാവാ സമ്മാനിക്കുന്നു.



കോയമ്പത്തൂർ തടാകം ആശ്രമത്തിൽ നടന്ന അഖില മലങ്കര പ്രാർത്ഥനായോഗം നേതൃ സംഗമത്തിൽ പങ്കെടുത്തവർ ഗീവർഗീസ് മാർ കൂറിലോസിനോടും പ്രസിഡണ്ട് മാത്യൂസ് മാർ തേവോദോസ്യോസിനോടുമൊപ്പം.

# സർക്കാർ നിലപാട് വഞ്ചനാപരം: ഓർത്തഡോക്സ് സഭ

കോട്ടയം രാഷ്ട്രീയലാഭത്തിനു സഭാതർക്കം നിലനിർത്തേണ്ട തു ചിലരുടെ ആവശ്യമാണെന്നും സർക്കാർ നേരിടുന്ന പ്രശ്നങ്ങളെ മറയ്ക്കാൻ സഭാതർക്കത്തെ ഉപയോഗിക്കുന്നതായും ഓർത്തഡോക്സ് സഭ. സർക്കാർ, ശൈലി തിരുത്തണമെന്നും സഭയ്ക്ക് അവകാശപ്പെട്ടതു നൽകണമെന്നും ഡോ. യുഹാനോൻ മാർ ദിയസ്കോറസ്, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്ര ട്ടറി ബിജു ഉമ്മൻ, ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് റീശ് കോറെപ്പിസ്കോപ്പ ആവശ്യപെട്ടു. എന്നിവർ സർക്കാരിന്റെ നിലപാട് വഞ്ച നാപരമാണ്. കോടതി വിധികൾക്കെതിരെ പഴുതു കണ്ടെത്താൻ സർക്കാർ കൂട്ടുനിൽക്കുകയാണ്. ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകാനുള്ള സംസ്ഥാന സർക്കാരിന്റെയും ഉദ്യോഗസ്ഥരുടെയും തീരുമാനം പുനഃപരിശോധിക്കണം. കളിയിൽ മത്സരം നിയന്ത്രിക്കേണ്ട റഫറി ഗോളടിക്കുന്ന രീതിയാണു നടക്കുന്നത്.

ചർച്ചകളിൽ മുഖ്യമന്ത്രി ആവശ്യപ്പെട്ടത് നിങ്ങൾ കേസിനു പോകരുതെന്നാണ്. എന്നാൽ സർക്കാർ കേസിനു പോകുകയും പക്ഷപാതപരമായ നിലപാടു സ്വീകരിക്കുകയും ചെയ്തു. ഒരു വിഭാഗത്തെ മാത്രം തൃപ്തി പ്പെടുത്താനാണു സർക്കാർ ശ്രമം. സമാധാന അന്തരീക്ഷത്തിനുള്ള നിർദേശങ്ങൾ പ. ബസേലിയോസ് മാർത്തോമ്മാ മാത്യുസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യമന്ത്രിക്കു സമർപ്പിച്ചിരുന്നു. ഇതുവരെ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നു പ്രതികരണം ഉണ്ടായിട്ടില്ലെന്നും സഭാനേതൃത്വം കുറ്റപ്പെടുത്തി.



എ.ഡി.എം. നവീൻ ബാബുവിന്റെ മരണത്തിലേക്ക് നയിച്ച സംഭവങ്ങളിൽ നീതിപൂർവ്വവും, നിഷ്പക്ഷവുമായ അന്വേഷണം നടത്തി കുറ്റക്കാരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണം. കുടുംബം നടത്തുന്ന നീതിക്കായുള്ള പോരാട്ടത്തിന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പൂർണ്ണ പിന്തുണ പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്ക് വേണ്ടി അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, തുമ്പമൺ ഭദ്രാസന സെക്രട്ടറി ജോൺസൺ കല്ലിട്ടതിൽ കോർഎപ്പിസ്കോപ്പ, സഭാ മാനേജിംഗ് കമ്മിറ്റി അംഗം നിതിൻ മണക്കാട്ടുമണ്ണിൽ എന്നിവർ മലയാലപ്പുഴയിലെ നവീൻ ബാബുവിന്റെ ഭവനത്തിൽ എത്തി കുടുംബാംഗങ്ങളെ അറിയിച്ചു.


Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

ചരിത്രരേഖ

# എഴുത്തുകളുടെ നമ്പർ ബുക്ക്

 പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

## മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മലങ്കര

## എ. ഡി. 1926-നു കൊല്ലം 1101 മകരം 13-നു മുതലുള്ള ഡയറി.

1183. പുത്തൻപുരയിൽ തോമ്മസു കത്തനാർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

1184. ബിഷപ്പ് ഇ. എ. ലൂവിസിന്. ശീമനാടുകളെക്കുറിച്ച് മറുപടി അയച്ചു. അതിന്റെ പ്രതി എഴുത്തുകെട്ടിൽ സൂക്ഷിച്ചിരിക്കുന്നു. കുംഭം 25-നു.

1185. പടിഞ്ഞാറേതലയ്ക്കൽ അബ്രഹാമിന്. അറബിക് കാനോൻ ഉടനെ അയക്കുമെന്നും, കേസിന്റെ വർത്തമാനങ്ങൾക്കും. 1101 കുംഭം 26-നു തിരുവനന്തപുരം സുറിയാനി പള്ളിയിൽ നിന്നും.

1186. എം. മാത്യു വക്കീലിനു. കൊട്ടാരക്കര കൺവൻഷനിൽ വന്നുചേരുവാൻ സാധിക്കയില്ലെന്നും നല്ല സുഖമില്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1187. എറികാട്ടു കൊച്ചുകുഞ്ചപ്പനു. വർത്തമാനങ്ങളും, ദിവാൻജി ഇവിടെ ഇല്ലാത്തതിനാൽ തൽക്കാലം കാണുവാൻ സാധിക്കയില്ലെന്നും വ്യാഴാഴ്ച ഇവിടെനിന്നും പുറപ്പെടുമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1188. മട്ടയ്ക്കൽ മല്പാനു. ടി കാര്യങ്ങൾ. ടി സ്ഥലം. ടി തീയതി.

1189. കൊച്ചുമെത്രാച്ചനു. നാളെ പരുമലയ്ക്കു പോകുമെന്നും കടമ്പനിട്ട പള്ളി സംബന്ധമായ വഴക്കുകൾ തീർക്കേണ്ടതിനെ സംബന്ധിച്ചാലോചിച്ചു പ്രവർത്തിക്കണമെന്നും, കേസിന്റെ വർത്തമാനങ്ങൾക്കും. 1101 കുംഭം 27-നു തിരുവനന്തപുരത്തു സുറിയാനി പള്ളിയിൽ നിന്നും.

1190. കൊച്ചിടിച്ചാണ്ടി മുതലാളിക്ക്. പോകുന്നവഴി അതിലെ പോകുന്നതിനു തക്ക സുഖമില്ലെന്നും മറ്റു വർത്തമാനങ്ങൾക്കും. ടി തീയതി. ടി സ്ഥലം.

1191. പള്ളിവാതുക്കൽ തെരുവത്തു മൂപ്പച്ചനു. അതിലേ വരുന്നതിനു തക്ക സുഖമില്ലെന്നും പള്ളിക്കാര്യങ്ങൾ ആലോചിച്ചു പ്രവർത്തിക്കുവാൻ കൊച്ചു മെത്രാച്ചന്റെ പേർക്കു എഴുതിയിട്ടുണ്ടെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1192. എണ്ണച്ചേരിൽ യോഹന്നാൻ കത്തനാർക്കു. അയച്ച രൂപാ 100 ഉം കിട്ടിയെന്നും ബാക്കിയും ഉടൻതന്നെ അയക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1193. പുന്നവേലി പള്ളിക്കാർക്കു. വികാരി മുഖാന്തിരം അയച്ചുതന്ന 25 രൂപായും കിട്ടിയെന്നും ശേഷവും ഉടനെ അയക്കണമെന്നും മറ്റും. കേസിന്റെ വർത്തമാനങ്ങളും. ടി തീയതി. ടി സ്ഥലം.

1194. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കു. ടി തീയതി.

1195. വടക്കേടത്തു ഗീവറുഗീസ് കത്തനാർക്കു. കേസിന്റെ വർത്തമാനങ്ങളും മറ്റും. 1101 കുംഭം 27-നു തിരുവനന്തപുരം സുറിയാനി പള്ളിയിൽ നിന്നും.

1196. വലിയമണ്ണിൽ യോഹന്നാൻ കശീശായ്ക്കു. കാതോലിക്കാ ബാവായെക്കൊണ്ടു പള്ളികൂദാശ ചെയ്യിക്കുവാൻ പോകുന്നു എന്നറിയുന്നതിൽ സന്തോഷിക്കുന്നു എന്നും മറ്റു പല അനുഗ്രഹങ്ങളും, ആശീർവാദങ്ങളും മറ്റും. ടി തീയതി. ടി സ്ഥലം.

1197. കൊച്ചുമെത്രാച്ചനു. കേസിന്റെ ചിലവുകളെക്കുറിച്ചും ഇന്നിവിടെ



നിന്നും പരുമലയ്ക്കു യാത്രയാണെന്നും മറ്റും. 1101 കുംഭം 28-നു തിരുവനന്തപുരം സുറിയാനി പള്ളിയിൽ നിന്നും.

1198. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

1199. മട്ടയ്ക്കൽ മല്പാനു. സമരി റിവിഷ്യനെ സംബന്ധിച്ചും, മറ്റു വർത്തമാനങ്ങൾക്കും. ടി തീയതി. ടി സ്ഥലം.

1200. പാറേട്ടു മാത്യൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കും കാതോലിക്കാ ബാവായുടെ തോട്ടയ്ക്കാട്ടു പള്ളിയിലേക്കുള്ള യാത്രയെക്കുറിച്ചും. ടി തീയതി. ടി സ്ഥലം.

1201. പാലപ്പിള്ളിൽ പൗലൂസു കശീശായ്ക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

1202. പറമ്പിൽ കൊച്ചുമ്മൻ വാദ്ധ്യാർക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

1203. പുതുമഠത്തിൽ കീവറീച്ചനു. വർത്തമാനങ്ങൾക്കും ഇന്നു പരുമലയ്ക്കു പുറപ്പെടുന്നു എന്നും. 1101 കുംഭം 28-നു തിരുവനന്തപുരം സുറിയാനി പള്ളിയിൽ നിന്നും.

1204. തേരകത്തു ചെറിയാൻകുഞ്ഞിനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

1205. പനയമ്പാല പുത്തൻപള്ളിക്കാർക്കു. അയച്ച രൂപാ 25 ഉം കിട്ടിയെന്നും മറ്റും. ടി തീയതി.

1206. പാതിക്കാട്ടു പള്ളിക്കാർക്കു. അയച്ച രൂപാ 50 ഉം കിട്ടിയെന്നും ബാക്കിയും ഉടൻ അയക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

**കുംഭം 28 വ്യാഴം. 4 മണിക്ക് തിരുവനന്തപുരം പള്ളിയിൽ നിന്നും യാത്ര പുറപ്പെട്ടു വൈകിട്ടത്തെ തീവണ്ടിക്കു തിരുവനന്തപുരത്തു നിന്നും തിരിച്ചു കൊല്ലത്തു രാത്രി 8.45-നു വരികയും അവിടെ നിന്നും വള്ളം വഴി വെള്ളി യാഴ്ച രാത്രി 8 മണിക്ക് പരുമല സിമ്മനാരിയിൽ എത്തുകയും ചെയ്തു.**

1207. കാതോലിക്കാ ബാവായ്ക്കു. വർത്തമാനങ്ങൾക്കും ഒരു കൊച്ചനു പട്ടം കൊടുക്കുന്നതിനെ സംബന്ധിച്ചു വേണ്ടതുപോലെ ചെയ്തുകൊള്ളണമെന്നും മറ്റും. 1101 കുംഭം 30. പരുമല സിമ്മനാരിയിൽ നിന്നും.

1208. പാറേട്ടു മാത്യൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കും പുത്തൻ സിമ്മ നാരി കാര്യങ്ങൾക്കും. 1101 മീനം 2-നു പരുമല സിമ്മനാരിയിൽ നിന്നും.

1209. കങ്ങഴ പള്ളിക്കാർക്കു. അയച്ച രൂപാ 25 ഉം കിട്ടിയെന്നും ശേഷമു ള്ളതും ഉടൻ അയക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

മീനം 3-നു. വട്ടിപ്പണക്കേസിന്റെ പുനരപ്പീൽ നാച്ചുറൽ ജസ്റ്റീസ് പോയിന്റ് അനുവദിച്ചിരിക്കുന്നു എന്നും എതൃകക്ഷികൾ കാലഹരണത്തെപ്പറ്റി കൊടു ത്തിരുന്ന ആക്ഷേപം, കാലഹരണമില്ലെന്നും ചീഫ് ജസ്റ്റീസ് മി. ചാറ്റ്ഫീൽഡ് ഇന്നു 11 മണിക്കു വിധിച്ചതായി ഈപ്പച്ചന്റെ കമ്പി വന്നു (കമ്പി വാചകം: Review admitted on natural justice; No delay in application).

1210. പി. എം. പത്രോസിനു. റിവ്യൂ വിധിച്ചതിനെക്കുറിച്ച്. 1101 മീനം 3-നു പരുമല സിമ്മനാരിയിൽ നിന്നും.

1211. ഒ. എം. ചെറിയാനു. മാത്തുക്കുട്ടി ഡോക്ടറുടെ ഒരു പുസ്തകം (ശി ശുപരിപാലനം) അംഗീകരിക്കേണ്ടതിനെക്കുറിച്ച്. 1101 മീനം 4. പരുമല സിമ്മ നാരിയിൽ നിന്നും.

1212. പുന്നൂരേത്തു ഗീവറുഗീസു കത്തനാർക്കു. പള്ളിയുടെ ... കാര്യങ്ങൾക്കു കൊച്ചുമെത്രാച്ചന്റെ പേർക്കു എഴുതിയിട്ടുണ്ടെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1213. കാതോലിക്കാ ബാവായ്ക്കു. കേസു ഗുണമായി വിധിച്ചതിനെക്കുറി ച്ച്. 1101 മീനം 4-നു പരുമല സിമ്മനാരിയിൽ നിന്ന്.

1214. കൊച്ചുമെത്രാച്ചനു. ടി കാര്യവും പുത്തൂരേത്തു ഗീവറുഗീസ് കത്ത നാരുടെ കാര്യത്തിനു വേണ്ടപോലെ ചെയ്യണമെന്നും, അയാളുടെ എഴുത്തു അങ്ങോട്ടയക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1215. പാലപ്പിള്ളിൽ കത്തനാർക്കു. കേസു വിധിച്ച സംഗതി. ടി തീയതി. ടി സ്ഥലം.

1216. മട്ടയ്ക്കൽ കത്തനാർക്കു (മല്പാനു). ടി കാര്യം. ടി തീയതി. ടി സ്ഥലം.

1217. പാറേട്ടു കത്തനാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1218. തേരകത്തു ചെറിയാൻകുഞ്ഞിനു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1219. പറമ്പിൽ കൊച്ചുമ്മൻ വാദ്ധ്യാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1220. തയ്യിൽ കൊച്ചീപ്പച്ചനു. കേസിന്റെ വിധിയെ സംബന്ധിച്ചയച്ച കമ്പി കിട്ടിയെന്നും, മറ്റു വർത്തമാനങ്ങളും. 1101 മീനം 5-നു പരുമല സിമ്മനാരിയിൽ നിന്നും.

1221. ഇലഞ്ഞിക്കൽ പീലിപ്പോച്ചനു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1222. മുണ്ടപ്ലാക്കിൽ യാക്കോബു കത്തനാർക്കു. കേസിന്റെ തീരുമാനത്തെ ക്കുറിച്ചും പണപിരിവിനെപ്പറ്റിയും മറ്റും. 1101 മീനം 5-നു പരുമല സിമ്മനാരി യിൽ നിന്നും.

1223. താഴത്തെപീടികയിൽ അലക്സന്ത്രയോസു കത്തനാർക്ക്. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1224. കലയങ്കാട്ടിൽ തോമ്മസു കത്തനാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

1225. കക്കുടിയിൽ മാത്യൂസ് കത്തനാർക്കു. ടി കാര്യങ്ങൾ.

1226. ചിറ്റക്കാട്ടു മത്തായി കത്തനാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

1227. കണിയാന്ത്ര അലക്സന്ത്രയോസു കത്തനാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

1228. പെരുമ്പ്രാൽ ഗീവറുഗീസ് കത്തനാർക്കു. പണപിരിവിന്റെ സംഗതിക്കും മറ്റും. 1926 മീനം 6-നു പരുമല സിമ്മനാരിയിൽ നിന്നും.

1229. വേലച്ചേരിൽ ഗീവറുഗീസു കത്തനാർക്കു. ടി കാര്യങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

1230. പുരയ്ക്കൽ ഗീവറുഗീസു കത്തനാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1231. വേങ്ങൽ ഗീവറുഗീസു കത്തനാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1232. ചക്കോലിൽ മത്തായി കത്തനാർക്ക്. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1233. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കും കേസിന്റെ കാര്യങ്ങൾക്കും മറ്റും. 1101 മീനം 7-നു പരുമല സിമ്മനാരിയിൽ നിന്നും.

1234. പാറേട്ടു മാത്യൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കും ... കിട്ടിയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1235. ചക്കിട്ടടത്തു തോമസു കത്തനാർക്ക്. വർത്തമാനങ്ങൾ അറിയിച്ചു തരു വാൻ. ടി തീയതി. ടി സ്ഥലം.

1236. കിഴക്കേടത്തു കുഞ്ഞച്ചനു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1237. ... വർത്തമാനങ്ങൾക്കും, ടിയാന്റെ കല്യാണത്തിനു മംഗളമാശംസിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

1241. കാതോലിക്കാ ബാവായ്ക്കു. വർത്തമാനങ്ങൾക്കും, അടുത്തു തന്നെ കോട്ടയത്തിനു പോകുന്നുണ്ടെന്നും മറ്റും. 1101 മീനം 11-നു പരുമല സിമ്മനാരി യിൽ നിന്നും.

1242. കൊച്ചുമെത്രാച്ചനു. പണപ്പിരിവിനെപ്പറ്റിയും കടമ്പനാട്ടു പള്ളിക്കാര്യ ങ്ങളെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

1243. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. കേസിനെപ്പറ്റിയും മറ്റുമുള്ള വാർത്തകൾ. ടി തീയതി. ടി സ്ഥലം.

1244. പാറേട്ടു മാത്യൂസ് കത്തനാർക്കു. നിലയ്ക്കൽ പള്ളി വകയായി അയച്ച രൂപാ കിട്ടിയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1245. കുറുന്തോട്ടത്തിൽ ... കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

1246. കുറുന്തോട്ടത്തിൽ കോരയ്ക്കു. അയിരൂർ പഴയപള്ളി വക പണങ്ങൾ അയച്ചുതരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1247. കലയങ്കാട്ടിൽ തോമ്മസു കത്തനാർക്കു. അറുനൂറു (600) രൂപാ അയ ച്ചതു കിട്ടിയെന്നും ശേഷവും ഉടനെ അയക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1248. പി. പി. തൊമ്മൻ മാസ്റ്റർക്ക്. അധികം താമസിയാതെ കോട്ടയത്തിനു വരുമെന്നും മറ്റും. 1101 മീനം 11-നു പരുമല സിമ്മനാരിയിൽ നിന്നും.

1249. ചീരാമ്യാലിൽ ഗീവറുഗീസ് കത്തനാർക്ക്. കേസു കാര്യങ്ങളെക്കുറിച്ചും വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം

1250. കെ സി. മാത്യുവിനു (ക്ലർക്ക്). കേസുകളുടെ വർത്തമാനം അറിയിച്ചു തരണമെന്നു. 1101 മീനം 14-നു പരുമല സിമ്മനാരിയിൽ നിന്നും.

1251. പുലിക്കോട്ടിൽ ശെമ്മാശന്. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

1252. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

1253. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

1254. പാലപ്പിള്ളിൽ പൗലൂസു കത്തനാർക്കു. കേസിനെപ്പറ്റിയും സമാധാ നാലോചനയെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

1255. പറമ്പിൽ കൊച്ചുമ്മൻ വാദ്ധ്യാർക്കു. പണം സംബന്ധമായ കാര്യങ്ങ ളെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

1256. അയ്യേത്തു അബ്രഹാം കത്തനാർക്കു. പട്ടം കിട്ടിയതിനെക്കുറിച്ചു

സന്തോഷിക്കുന്നു എന്നും മറ്റും. 1101 മീനം 18-നു പരുമല സിമ്മനാരിയിൽ നിന്നും.

1257. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾ. 1101 മീനം 19-നു പരുമല സിമ്മനാരിയിൽ നിന്നും.

1258. പാലപ്പിള്ളിൽ പൗലൂസു കശീശായ്ക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

1259. പി. ഐ. ഈപ്പൻ. കേസുകളുടെ വർത്തമാനങ്ങൾക്ക്. ടി തീയതി. ടി സ്ഥലം.

1260. തളിയച്ചിറ ഇട്ടൻ കുര്യൻ. കേസുകളുടെ വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

1261. നിരണത്തു പള്ളിയിലെ കശീശന്മാർക്ക്. ആ പള്ളിയിടവകയിലെ പെൺകുട്ടികളെ ആ പള്ളിയിൽ വച്ചുതന്നെ വിവാഹം കഴിപ്പിക്കുമ്പോൾ കുറിപ്പണവകാശം വികാരിമാർക്കു ... എന്നുള്ള അഭിപ്രായ വ്യത്യാസത്തെപ്പറ്റി വന്നിട്ടുള്ള അപേക്ഷയെക്കുറിച്ച് മുൻ ... പട്ടക്കാരുടെ അഭിപ്രായവും അറിയേണ്ടതുകൊണ്ടു നിങ്ങൾ പട്ടക്കാർ ഈ മാസം 23-നു തിങ്കളാഴ്ച ഇവിടെ വരണമെന്നു. 1101 മീനം 21-നു പരുമല സിമ്മനാരിയിൽ നിന്നും.

1262. കൊച്ചുമെത്രാച്ചനു. പണപിരിവിനെപ്പറ്റിയും പൊതുവായ മറ്റു പല സംഗതികളെക്കുറിച്ചും. 1101 മീനം 23. പരുമല സിമ്മനാരിയിൽ നിന്നും.

1267. മുറന്തൂക്കിൽ മാത്തു കത്തനാർക്ക്. കേസിന്റെ വിവരങ്ങളും സഭാസംബന്ധമായ സമാധാന കാര്യങ്ങളും. 1101 മീനം 26-നു പരുമല സിമ്മനാരിയിൽ നിന്നും.

1268. ... വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

1269. കരീമഠത്തു അന്ത്രയോസു കത്തനാർക്ക്. കോഴഞ്ചേരി പുത്തൻപള്ളിയിൽ ചില ക്രമക്കേടുകൾ നടന്നതായി അറിയുന്നതിനാൽ ഈ വലിയ നോമ്പുവീടിയാലുടൻ തേവർവേലിൽ ഗീവറുഗീസു കത്തനാരെക്കൂട്ടി ഇവിടെ വരണമെന്നും മറ്റും. 1101 മീനം 26-നു പരുമല സിമ്മനാരിയിൽ നിന്നും.

**മീനം 26-നു വ്യാഴാഴ്ച വൈകിട്ടു പത്തു മണിക്ക് പരുമല സിമ്മനാരിയിൽ നിന്നും വള്ളം വഴി 27-നു വെള്ളിയാഴ്ച പകൽ 12 മണിക്ക് കോട്ടയം പഴയ സിമ്മനാരിയിൽ എത്തി.**

1270. ബിഷപ്പ് മൂറിന്. വന്നു കാണുന്നതിനു ആഗ്രഹമുണ്ട്. അതിനാൽ സൗകര്യ സമയം അറിയിക്കണമെന്നു. 1101 മീനം 30-നു കോട്ടയം പഴയ സിമ്മനാരിയിൽ നിന്നും.

**മീനം 30-നു 4.30-ന് ബിഷപ്പ് മൂറിനെ അദ്ദേഹത്തിന്റെ ബംഗ്ലാവിൽ പോയി കണ്ടു. .... പോയി കാണുകയുണ്ടായി.**

1271. കെ. സി. ഈപ്പന്. വട്ടക്കുന്നേൽ അച്ചന്റെ മകൻ കുര്യൻ ബി.എ. യ്ക്ക് എന്തെങ്കിലും ജോലി വാങ്ങിച്ചു കൊടുക്കാനുള്ള ശുപാർശയ്ക്കു. 1101 മേടം 2-നു കോട്ടയം പഴയ സിമ്മനാരിയിൽ നിന്നും.

1272. കെ. സി. ഈപ്പന്. ശെമ്മാശന്റെ പേരിൽ കോട്ടയം ബാങ്കിന്റെ അവിടത്തേയ്ക്കു 550 രൂപ അയച്ചിട്ടുണ്ടെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1273. പര്യാരത്തു മാർ അപ്രേം പള്ളി വികാരി വല്യമണ്ണിൽ യോഹന്നാൻ കത്തനാർക്കു. ആ പള്ളിയിൽ ചില കുഴപ്പങ്ങൾ ഉണ്ടായതിനെ പറഞ്ഞു തീർക്കുന്നതിനു ... 1101 മേടം 3-നു കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

1274. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കും മറ്റും. 1101 മേടം 4-നു കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

1275. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. വർത്തമാനങ്ങൾക്കും, തോമസു ശെമ്മാശന്റെ ... 1101 മേടം 8-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

1276. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കും കടമ്പനാട്ടു പള്ളിക്കാര്യം മാരേട്ടു ജഡ്ജിയുമായി ആലോചിച്ചു ചെയ്യണമെങ്കിൽ നോമ്പു കഴിഞ്ഞാൽ സാധിക്കുമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1277. പി. എം. പത്രോസിനു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

1278. ഡോ. കെ. സി. ചാക്കോ. പാലത്തുങ്കൽ മരിച്ചുപോയ അഞ്ചൽ സൂപ്രണ്ടിന്റെ കുടുംബത്തിൽ ഉള്ള പി. ജെ. ഏബ്രഹാം എന്ന കൊച്ചന് എഞ്ചിനിയറിംഗ് കോളജിൽ പ്രവേശനം കൊടുക്കണമെന്നുള്ള ശുപാർശ. 1101 മേടം 4-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

1279. കാതോലിക്കാ ബാവായ്ക്കു. സഭാസംബന്ധമായ കാര്യങ്ങൾക്കും റീശീസായുടെ പിരിവിനെപ്പറ്റിയും മറ്റും. 1101 മേടം 10-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

1280. വാളക്കുഴിയിൽ യൗസേപ്പു ശെമ്മാശനു. അവിടത്തെ പള്ളിയുടെ ശവക്കോട്ടയുടെ കാര്യത്തിനു കൊച്ചുമെത്രാച്ചനോടറിയിച്ചു വേണ്ടതു ചെയ്യണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1281. ഒ. എം. ചെറിയാനു. വേളൂക്കാരൻ എം. വർക്കി എന്ന കൊച്ചനു ഒരു ജോലി കൊടുക്കാൻ ശ്രമിക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

**മേടം 11. ഇന്നു ഉച്ചയോടു കൂടി കോട്ടയത്തു സിമ്മനാരിയിൽ നിന്നും വള്ളം വഴി പരുമല സിമ്മനാരിക്കു തിരിച്ചു. 12-നു ഞായറാഴ്ച ... പരുമല എത്തി.**

1282. പഴഞ്ഞി പള്ളിയിലെ കശീശന്മാർക്കു. ... നിങ്ങൾക്കും പള്ളിക്കാർക്കും തൃപ്തിയുണ്ടെങ്കിൽ കർമ്മങ്ങളിൽ സംബന്ധിപ്പിക്കണമെന്നും മറ്റും. 1101 മേടം 13-നു പരുമല സിമ്മനാരിയിൽ നിന്നും.

1283. കൊടുമുളയ്ക്കൽ കുഞ്ഞൂഞ്ഞിന്. പള്ളി സംബന്ധമായി അവിടെയുള്ള അഭിപ്രായവ്യത്യാസങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്നു ആഗ്രഹിക്കുന്നതിനാൽ അതിലേക്കാവശ്യമുള്ള രണ്ടുമൂന്നു പേരോടുകൂടി ഇന്നോ നാളെയോ ഇത്രടം വന്നുപോകണമെന്നും മറ്റും. 1101 മേടം 15-നു പരുമല സിമ്മനാരിയിൽ നിന്നും.

**മേടം 14. ഇലവിനാമണ്ണിൽ കത്തനാർ ഇന്നലെ വൈകിട്ടു മരിച്ചു എന്നും, ശവസംസ്കാര ശുശ്രൂഷയ്ക്കായി യൂലിയോസു മെത്രാൻ സ്പെഷ്യൽ കാറിൽ ഓമല്ലൂർക്കു കോട്ടയത്തു നിന്നും പോയി എന്നും കേട്ടു.**

1284. കൊച്ചുമെത്രാച്ചനു. പള്ളിക്കൂടങ്ങൾ മുതലായവ സംബന്ധിച്ച്. 1101 മേടം 21-നു പരുമല സിമ്മനാരിയിൽ നിന്നും.

1285. ചീഫ് സെക്രട്ടറി കെ. ജോർജ്ജിന്. മകളുടെ കല്യാണം സംബന്ധിച്ചു. മംഗളാശംസകളും മറ്റും. ടി തീയതി. ടി സ്ഥലം.

1286. കിഴക്കേവീട്ടിൽ പത്രോസ് കത്തനാർക്കു. പുത്രികളുടെ കല്യാണത്തെ സംബന്ധിച്ച് ആശീർവാദങ്ങളും മറ്റും. 1101 മേടം 21-നു പരുമല സിമ്മനാരിയിൽ നിന്നും.

1287. പുലിക്കോട്ടിൽ കാക്കുണ്ണി വറിയതിന്. മകളുടെ കല്യാണത്തെ സംബന്ധിച്ച് ആശീർവാദങ്ങളും മറ്റും. ടി തീയതി. ടി സ്ഥലം.

1288. കാഞ്ഞിരത്തുംമൂട്ടിൽ കൊച്ചുകോശിക്ക്. മകന്റെ കല്യാണത്തെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

1289. മട്ടയ്ക്കൽ മല്പാനു. കായലിന്റെ കാര്യങ്ങൾക്കും മറ്റു വർത്തമാനങ്ങൾക്കും. ടി തീയതി. ടി സ്ഥലം.

1290. ഫീലിപ്പോസു ജഡ്ജിക്കു. എം.ഡി. സിമ്മനാരി സംബന്ധമായ സംഗതികളും, കടമ്പനാട്ടു പള്ളിയുടെ കാര്യങ്ങളും. 1101 മേടം 22-നു പരുമല സിമ്മനാരിയിൽ നിന്നും.

1291. തെക്കേക്കര വറുഗീസിനു. ടി. വി. ജോൺ ശെമ്മാശന്റെ കല്യാണത്തിനു ആശീർവാദങ്ങളും മംഗളആശംസകളും. ടി തീയതി. ടി സ്ഥലം.


1292. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. ഇ. എം. ചാക്കോ എന്നവനു സ്കൂളിൽ ഒരു ജോലി കൊടുപ്പിക്കുന്നതിനു ഒ. എം. ചെറിയാച്ചനെ കണ്ടു പറഞ്ഞു വാങ്ങിച്ചു കൊടുപ്പാൻ ശ്രമിക്കണമെന്നു. ടി തീയതി. ടി സ്ഥലം.

1293. നാരങ്ങാനത്തു പള്ളിക്കാർക്കു. കടമ്മനിട്ട പള്ളിയിൽ കൂടിവരുന്ന കുറുന്തോട്ടത്തിൽ തോമ്മായുടെ രണ്ടു പെൺകുട്ടികളുടെ കല്യാണം, നിങ്ങളുടെ ഇടവകയിൽ വച്ചു ഈ വരുന്ന ഞായറാഴ്ച നടത്തിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നും, തോമ്മാ ഇതുവരെ കടമ്മനിട്ട പള്ളിയിൽ ആയിരുന്നു കൂടിവന്നതെന്നും, ടി പള്ളിക്ക് ടിയാൻ കുടിശിഖ കൊടുപ്പാനുണ്ടെന്നും അതുകൊണ്ടു ഈ കല്യാണം ടി കടമ്മനിട്ട പള്ളിയിൽ വച്ചു നടത്തണമെന്നും, അതിനു നിവൃത്തിയില്ലെങ്കിൽ പള്ളിവരുമാനങ്ങളും മറ്റും ടിയാനെക്കൊണ്ടു വയ്പിച്ചു ആവക വരുമാനങ്ങൾ കടമ്മനിട്ട പള്ളിക്കാർക്കു അയച്ചുകൊടുക്കണമെന്നും മറ്റും. 1101 മേടം 24-നു പരുമല സിമ്മനാരിയിൽ നിന്നും.

(തുടരും)

**സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്**

വിശ്വാസ പാഠനം




# 'വി. കുർബ്ബാന ധ്യാനം': ഒരു ആസ്വാദന പഠനം

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

### 1905 കന്നി മാസത്തിൽ കുന്നംകുളത്തു നിന്നും പ്രസിദ്ധീകരിക്കപ്പെട്ട പനയ്ക്കൽ യാക്കോബു കത്തനാർ രചിച്ച 'വി. കുർബ്ബാന ധ്യാനം': ഒരു ആസ്വാദന പഠനം.

ഖണ്ഡിപ്പു സമയത്തെ രഹസ്യപ്രാർത്ഥന-കർത്താവിന്റെ കഷ്ടാനുഭവം മരണം കബറടക്കം ഉയിർപ്പ് എന്നിവ അപ്പവീഞ്ഞുകളിൽ പ്രതീകവൽക്കരിച്ച് ശരീര രക്തങ്ങളുടെ കലർപ്പും സംയോജനവും ഈ സമയത്ത് മറശീല അടച്ചതിന്റെ താല്പര്യം എന്നീ കാര്യങ്ങൾ പതിനൊന്നാം അദ്ധ്യായം ധ്യാനിക്കുന്നു.

മദ്ബഹാ മുഴുവൻ മറയിട്ട് കാഴ്ചയ്ക്ക് അഗോചരമായതിൽ താൻ ദുഃഖിച്ചുവെന്നും എന്താണ് അവിടെസംഭവിക്കുന്നത് എന്ന് വ്യാകുലപ്പെട്ട് മറശീലയ്ക്ക് അരികിലേക്ക് വന്ന് ശ്രദ്ധിച്ചുവെന്നും അപ്പോൾ പട്ടക്കാരൻ അകത്തു രഹസ്യത്തിൽ നടത്തുന്ന പ്രാർത്ഥനകൾ ചെറുതായി കേൾക്കുവാൻ കഴിഞ്ഞത് അല്പം ആശ്വാസം നൽകിയെന്നുമൊക്കെ അല്പം നാടകീയമായി ഭക്തൻ വിവരിച്ചുകൊണ്ടാണ് ആരംഭിക്കുന്നത്.




പട്ടക്കാരൻ അനുതാപത്തിന്റെ കണ്ണുനീരോടെ നടത്തിയ പ്രാർത്ഥനയുടെ ചുരുക്കം അന്യത്ര ചേർത്തിരിക്കുന്നത് ഇപ്രകാരമാണ്: "വചനമായിരിക്കുന്ന ദൈവം ഇങ്ങനെ ജഡപ്രകാരം സത്യമായി കഷ്ടമനുഭവിച്ച് ബലി നൽകപ്പെട്ടു. സ്കീപ്പായിൽ വച്ച് കണ്ടിക്കപ്പെടുകയും തന്റെ ദിവ്യത്വം ആത്മാവിൽ നിന്നും ശരീരത്തിൽ നിന്നും ഒരു പ്രകാരവും വേർതിരിയാതെ തന്റെ ആത്മാവു ശരീരത്തിൽ വേർതിരികയും ചെയ്തു. കുന്തംകൊണ്ട് തന്റെ വിലാവിൽ കുത്തു കൊള്ളപ്പെട്ടതിനാൽ അതിൽനിന്നു ലോകമൊക്കെയും പാപമോചനത്തിനായി രക്തവും വെള്ളവും ഒഴുകി തന്റെ ശരീരം അവയിൽ പുരണ്ടു. തന്റെ ആത്മാവു വന്ന് ലോകമൊക്കെയുടെയും പാപത്തിനുവേണ്ടി തന്റെ ശരീരത്തോട് യോജിക്കപ്പെട്ടു. പുത്രൻ സ്കീപ്പായിൽ മരിച്ചതിനാൽ ഇടത്തേതിൽ നിന്നു നമ്മെ വലത്തേതിലേക്ക് തിരിപ്പിക്കുകയും, തന്റെ സ്കീപ്പായിലെ രക്തത്താൽ താൻ നിരപ്പുണ്ടാക്കി ലൗകീയരോടുകൂടെ സ്വർഗ്ഗീയരേയും പുറജാതികളോടുകൂടെ സ്വജനങ്ങളെയും ശരീരത്തോടുകൂടെ ആത്മാവിനേയും താൻ ഒന്നായി സംയോജിപ്പിക്കുകയും ചെയ്തു. മൂന്നാം ദിവസം കബറിൽ നിന്നും താൻ ഉയിർത്തു. അമ്മാനുവേൽ ഒരുവനാകുന്നു. യോജിപ്പിനുശേഷം വിഭജിക്കപ്പെടുന്നതല്ലാ രണ്ടു വർഗ്ഗമായി ഭാഗിക്കപ്പെടുന്നതുമല്ലാ. ഇപ്രകാരം ഞങ്ങൾ വിശ്വസിക്കുന്നു, ഉറപ്പിക്കുന്നു, ഏറ്റുപറയുന്നു. ഗോഗുൽത്തായിൽ ഞങ്ങൾക്കുവേണ്ടി കുത്തുകൊള്ളപ്പെട്ട മശിഹാ നീയാകുന്നു. ലോകത്തിന്റെ പാപങ്ങളെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടും നീയാകുന്നു." പട്ടക്കാരന്റെ ഈ പ്രാർത്ഥനയെ ശ്രദ്ധിക്കയിൽ അപ്പോൾ നടക്കുന്ന ക്രിയയുടെ താല്പര്യവും താൻ അറിഞ്ഞു. അവകളെ ഓർത്തപ്പോൾ ഹൃദയത്തിന് വലിയ വേദന അനുഭവപ്പെടുകയും ചെയ്തു. പട്ടക്കാരൻ അപ്പം മുറിക്കുകയും വീഞ്ഞിൽ അത് മുക്കുകയും വീഞ്ഞുകൊണ്ട് അപ്പത്തിന്മേൽ വരക്കുകയും മറ്റും ചെയ്യുന്നതും അപ്പോൾ ദുഃഖഭാവത്തോടെ മേല്പറഞ്ഞ പ്രാർത്ഥനകൾ അനുതാപത്തോടെ താഴ്ന്ന ശബ്ദത്തിൽ ഉരുവിടുകയും ചെയ്തപ്പോൾ അപ്പവീഞ്ഞുകളിൽ നമ്മുടെ കർത്താവിന്റെ രക്ഷാകരമായ കഷ്ടാനുഭവത്തെ ദൃഷ്ടാന്തപ്പെടുത്തുകയാകുന്നു എന്ന തിരിച്ചറിവ് തന്റെ ഹൃദയം തകർക്കുവാൻ ശക്തിയുള്ളതായിരുന്നു. 'ഹൃദയഭാരത്താൽ താൻ പൊട്ടിക്കരഞ്ഞു. നമ്മുടെ കർത്താവിന്റെ പങ്കപ്പാടിനെ പൂജിക്കുന്നതു കണ്ടാൽ ഏതു ഹൃദയവും വിറക്കാതെ ഇരിക്കയില്ലാ. അവന്റെ തിരുവിലാവിൽ നിന്നും ഒഴുകുന്ന രക്തം കണ്ടിട്ടു താൻ മോഹാലസ്യപ്പെട്ടു. ജീവനുള്ള ദൈവം നമ്മെപ്രതി ഇങ്ങനെ മൃതനായി കിടപ്പാൻ തിരുമനസ്സായല്ലോ എന്ന് വിചാരിച്ചതോടുകൂടി ഞാൻ ഇളകി ഭ്രമിച്ചു. എന്റെ സങ്കടം ഏറിവന്നതിനാൽ ഞാൻ തേങ്ങി തേങ്ങി കരഞ്ഞു' എന്നും തുടർന്ന് ധ്യാനത്തിലേക്ക് പ്രവേശിച്ചുവെന്നും ഭക്തൻ രേഖപ്പെടുത്തുന്നു.

'ജീവനുള്ള ദൈവത്തിന്റെ പുത്രനായ യേശു രക്ഷകാ! നിനക്കു സ്തുതി. നിന്റെ അത്ഭുതപ്രവൃത്തികളെ പറയുവാൻഏതു മാനുഷനാവുകൾക്ക് സാധ്യമാകും. നീ ജനിച്ചതും സ്നാനമേറ്റതും കഷ്ടമനുഭവിച്ച് മരിച്ചതും കബറിൽ കിടന്നതും ഉയർത്തെഴുന്നേറ്റതും സ്വർഗ്ഗാരോഹണം ചെയ്തതും എല്ലാം ഒരു വിസ്മയമെന്നല്ലാതെ ഞാൻ എന്തു പറയേണ്ടു. ആയിരം ആയിരങ്ങളാലും പതിനായിരം പതിനായിരങ്ങളാലും നീ സ്തുതിക്കപ്പെടുമ്പോൾ നിന്ദയുടെ സ്കീപ്പാമേൽ തൂങ്ങിമരിപ്പാൻ നിനക്കു തിരുവിഷ്ടം തോന്നിയതിൽ ഏവൻ അതിശയിക്കാതിരിക്കും! എന്റെ കർത്താവും എന്നേക്കും എന്റെ ദൈവവുമായുള്ളോവെ! നിനക്കു സ്തുതി. നിന്റെ മരണസമയത്ത് ആകാശം സൂര്യപ്രകാശം കൂടാതെ മൂടപ്പെട്ടു കിടന്നതുപോലെ (ലൂക്കോ. 23:44) ഇതാ ഈ സമയത്തും വി. മദ്ബഹാ തിരശ്ശീലകൊണ്ട് മൂടികിടക്കുന്നു. ഈ സമയം നിന്റെ തിരുമരണത്തെ സൂചിപ്പിക്കുന്നു. നിന്റെ തിരുബലിയെ പട്ടക്കാരൻ നിവർത്തിക്കുകയത്രേ ചെയ്യുന്നത്. മദ്ധ്യാഹ്നത്തിൽ സൂര്യൻ ഇരുണ്ടതുപോലെ (വി. കുർബ്ബാന മദ്ധ്യേ) വി. മദ്ബഹായും മൂടികിടക്കുന്നു. നീ മരിച്ചതിനാൽ മരണാധികാരിയായ പിശാചിനെ കൊന്നു (എബ്രാ. 2:14-15). നിന്റെ അളവറ്റ കരുണയ്ക്കു സ്തുതി. ഭുജവും മഹത്വവും വല്ലഭത്വവും നിനക്കുള്ളതിനാൽ നിനക്കു സ്തുതി. ഞങ്ങൾക്കു വേണ്ടി കുരിശ്ശിക്കപ്പെട്ടതിനാൽ നിനക്കു സ്തുതി. സകല വാക്കുകളാലും നിനക്കു സ്തുതി. സദാനേരവും നിനക്കു സ്തുതി. സംക്ഷേപിക്കുവാൻ വഹിയാത്തവനായ നിനക്കു സ്തുതി.'

ഈ ധ്യാനം എന്റെ ദുഃഖത്തിൽ നിന്നും വിടുതൽ ലഭിക്കുന്നതിന് തന്നെ ഏറെ സഹായിച്ചു. കാരണം ഈ സംഭവങ്ങളുടെ രഹസ്യം കുറച്ചെങ്കിലും ഉൾക്കൊള്ളുവാൻ ഇടയായി. നമ്മുടെ കർത്താവിന്റെ മരണം, കബറടക്കം, ഉയിർപ്പു, ഇവ മൂന്നും സൂര്യപ്രകാശം ഇല്ലാത്തപ്പോൾ സംഭവിച്ചതിനാൽ ഈ ക്രിയകൾ മറശീലയടച്ച് രഹസ്യത്തിൽ ചെയ്യുന്നുവെന്ന് ഞാൻ മനസ്സിലാക്കി. മെഴുകുതിരി, ധൂപം, മറശീല തുടങ്ങി വി. മദ്ബഹായിലെ ഓരോ വസ്തുക്കളുടെയും സാനിധ്യവും അവയിലെ പ്രതീകങ്ങളും അവയുടെ ഉപയോഗങ്ങളും ഒക്കെ എന്നെ സന്തോഷിപ്പിച്ചു. മഴക്കാറു നീങ്ങി സൂര്യകിരണങ്ങൾ പ്രത്യക്ഷപ്പെടുന്നതുപോലെ മറശീല അപ്പോൾ ഇടതുഭാഗത്തേക്ക് വീണ്ടും നീക്കപ്പെടുകയും കൂടിയ ശോഭയോടെ വി. മദ്ബാഹാ വിളങ്ങുകയും ചെയ്തു.

അതിമനോഹരമായ ഈ വർണ്ണനകളോടെയും ധ്യാനത്തോടെയും പതിനൊന്നാം അദ്ധ്യായം അവസാനിച്ചു. തുടർന്ന് കർത്തൃപ്രാർത്ഥന, അതിന്റെ ആവശ്യകത, വ്യാഖ്യാനം തുടർന്നു വരുന്ന റൂശ്മാ എന്ന കാര്യങ്ങൾ പന്ത്രണ്ടാം അദ്ധ്യായത്തിൽ ഉൾപ്പെട്ടിരിക്കുന്നു.

പദവിയിൽ നിന്നുകൊണ്ട് പട്ടക്കാരൻ കൈകളും മുഖവും ഉയർത്തി ഒരു പ്രാരംഭ പ്രാർത്ഥന ചൊല്ലിയശേഷം "സ്വർഗ്ഗസ്ഥനായ പിതാവേ!" എന്ന കർത്തൃപ്രാർത്ഥനയുടെ ആരംഭം ഇടുകയും എല്ലാവരും ചേർന്ന് ആ പ്രാർത്ഥന ഉയർന്ന ശബ്ദത്തിൽ പൂർണ്ണ അനുതാപത്തോടെ ചൊല്ലുകയും ചെയ്തു. എന്തുകൊണ്ട് ഈ പ്രാർത്ഥന ഇപ്പോൾ ചൊല്ലി എന്ന് ചിന്തിച്ചപ്പോൾ ഏതാനും ന്യായങ്ങൾ ഉണ്ടെന്നു തോന്നി.

1. തന്റെ കഷ്ടാനുഭവത്താലും മരിച്ച് ഉയിർപ്പിനാലും തന്റെ കൃപയാൽ നമ്മെ കൃപയുടെ മക്കളാക്കി തീർത്തിരിക്കുന്നു. മരണം, കബറടക്കം, ഉയിർപ്പ് എന്നിവയ്ക്കുശേഷം തിരശീല തുറന്നപ്പോൾ ഇനി നാം പിതാവായ ദൈവത്തിനു മക്കളും യേശുമശിഹായ്ക്കു സഹോദരങ്ങളുമായി വിളിക്കപ്പെടുവാൻ ദൈവത്തിൽ നിന്നും പൂർണ്ണാധികാരം പ്രാപിച്ചിരിക്കുന്നു എന്ന് സൂചിപ്പിക്കുന്നു. നമ്മുടെ കർത്താവായ യേശു ഉയിർത്തെഴുന്നേറ്റതിനാൽ സകലവും നിവൃത്തിയായി പുതിയ ജീവനെ നമുക്ക് നൽകി. ആകയാൽ നാം ധൈര്യസമേതം "പിതാവാം ദൈവമെ" (അബ്ബാ പിതാവെ) എന്നോ "പിതാവെ" എന്നോ വിളിക്കുന്നു. "അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു" (യോഹ. 1:12) എന്നതിന്റെ പൂർത്തീകരണം ഇവിടെ കാണുന്നു.

2. നമ്മുടെ കർത്താവായ യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച ഈ പ്രാർത്ഥന ഉയിർപ്പിനുശേഷം കർത്തൃസ്മരണയിൽ ശിഷ്യന്മാർ ആവർത്തിച്ച് ധ്യാനിക്കുക പതിവായിരുന്നുവെന്നും തന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം തന്റെ കല്പന പ്രകാരം അവർ മർക്കോസിന്റെ മാളികയിൽ പരിശുദ്ധാത്മാവിനായി കാത്തിരുന്ന് ജാഗരണം നടത്തിയപ്പോൾ ആവർത്തിച്ച് പ്രാർത്ഥിച്ചിരുന്നത് കർത്താവ് അവരെ പരിശീലിപ്പിച്ച ഈ പ്രാർത്ഥനയായിരുന്നുവെന്നും ആദിമ ക്രൈസ്തവ പാരമ്പര്യങ്ങളിൽ കാണുന്നു. അതുപോലെ നാമും വി. കുർബ്ബാനയിലെ പെന്തിക്കോസ്തിയുടെ ശുശ്രൂഷയ്ക്കു മുമ്പ് ഈ പ്രാർത്ഥന നടത്തിവരുന്നുവെന്നും മനസ്സിലാക്കാം. ചുരുക്കത്തിൽ പ. ആത്മ ആവാസത്തിനായി കാത്തിരുന്ന് ധ്യാനിക്കുമ്പോഴൊക്കെയും കർത്തൃപ്രാർത്ഥനയ്ക്ക് അന്യൂനമായ സ്ഥാനം പ. സഭ കല്പിക്കുന്നു.

3. മോതിരത്തിന് രത്നകല്ല് ഏറ്റവും അലങ്കാരം നൽകുന്നതുപോലെ കർത്തൃപ്രാർത്ഥന മറ്റെല്ലാ പ്രാർത്ഥനകൾക്കും മേൽ അലങ്കാരമായി ഭവിക്കുന്നു. മറ്റെല്ലാം പ്രാർത്ഥനകളുടെയും ശുദ്ധീകരണം കർത്തൃപ്രാർത്ഥനയിൽ നടക്കുന്നു. ഏറ്റവും ഉചിതമായ സന്ദർഭത്തിൽ വി. കുർബ്ബാനയിൽ ആയത് ക്രമീകരിച്ചിരിക്കുന്നു. തുടർന്ന് ഈ പ്രാർത്ഥനയുടെ പൊരുൾ എന്ത് എന്ന് ചിന്തിച്ചപ്പോൾ അനേക കാര്യങ്ങൾ വെളിപ്പെട്ടു വന്നു.

1. 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്നാൽ ഉയരങ്ങളിൽ വസിക്കുന്നവനും പിതാവിനെപ്പോലെ കരുണചെയ്യുന്നവനും ആയുള്ളോവേ എന്നും,

2. 'നിന്റെ രാജ്യം വരണമേ' എന്നാൽ സമാധാനം, നീതി, വിശുദ്ധി എന്നിത്യാദികളാൽ ശോഭിതനായവന്റെ രാജ്യം എന്നും,

3. 'നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ' എന്നാൽ ഈ ലോകത്തിലും സ്വർഗ്ഗത്തിലേപ്പോലെ നീ കർത്തൃത്വം നടത്തുകയും നിന്റെ പ്രമാണങ്ങളായ നീതി, കരുണ, സ്നേഹം ഇവകളാൽ ഭൂമിയെ നിറയ്ക്കണമെ എന്നും,

4. 'ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം... തരണമെ' എന്നാൽ ഞങ്ങളുടെ സാധാരണ ജീവന് അടിസ്ഥാനമായ ആഹാരവും നിത്യജീവന് ആവശ്യമായ ജീവന്റെ അപ്പവും ഞങ്ങൾക്ക് തരണമെ എന്നും,

5. 'ഞങ്ങളുടെ കടക്കാരോട്.... ഞങ്ങളുടെ പാപങ്ങളും ക്ഷമിക്കണമെ' എന്നാൽ ഞങ്ങൾ മറ്റുള്ളവരോട് ക്ഷമിക്കുന്നവരാകയാൽ നീ ഞങ്ങളോടും ക്ഷമിക്കുമെന്നും,

6. 'പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിക്കരുതെ' എന്നാൽ സാത്താന്റെ കഠിന പരീക്ഷകളിലും കണികളിലും വീഴാതെ ഞങ്ങളെ സംരക്ഷിക്കണമെ എന്നും,

7. പിന്നയോ ദുഷ്ടനിൽ നിന്നും ഞങ്ങളെ രക്ഷിക്കണമെ' എന്നാൽ സാത്താന്യമായ യാതൊരു പ്രവർത്തിയിലും നിപതിപ്പാതിരിക്കാൻ ദൈവീക കരുതൽ ഉണ്ടാകണമെ എന്നും,

8. 'എന്തുകൊണ്ടെന്നാൽ .... നിനക്കുള്ളതാകുന്നു' എന്നാൽ രാജ്യം, ശക്തി, മഹത്വം എന്നിത്യാദി ഇനങ്ങൾ സർവ്വവും നിന്റെതാകുന്നുവെന്നും ഗ്രഹിച്ചു.

ഇതിനുശേഷം പട്ടക്കാരൻ പടിഞ്ഞാറോട്ടു തിരിഞ്ഞ് 'ശ്ലോമ്മോ' (സമാധാനം) ആശംസിക്കുകയും ശുശ്രൂഷകന്റെ നിർദ്ദേശപ്രകാരം എല്ലാവരും തലകുനിച്ചു നിൽക്കുകയും മറ്റൊരു പ്രാർത്ഥനയ്ക്കുശേഷം പട്ടക്കാരൻ വീണ്ടും 'ശ്ലോമ്മോ' ആശംസിച്ചശേഷം വി. ത്രിത്വനാമത്തിൽ 'പരിശുദ്ധവും മഹനീയവും സൃഷ്ടിയല്ലാത്തതും ഉണ്മയായതും ആദ്യവും അന്തവും ഇല്ലാത്തതും വന്ദിക്കപ്പെട്ടതും സാരാംശത്തിൽ സമമായിരിക്കുന്നതുമായ വി. ത്രിത്വത്തിന്റെ കൃപയും കരുണയും എന്റെ സഹോദരങ്ങളെ! നിങ്ങളെല്ലാവരോടും കൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ!" എന്ന് ആശീർവദിച്ച് പറഞ്ഞു

'ഇതോടെ പന്ത്രണ്ടാം അദ്ധ്യായം അവസാനിച്ചു. കാസായും പീലാസായും മേല്പോട്ടു ഉയർത്തൽ, അതിന്റെ വ്യാഖ്യാനം, ധ്യാനം, പെന്തിക്കോസ്തി, സ്മരണ എന്നീ കാര്യങ്ങൾ പതിമൂന്നാം അദ്ധ്യായം പ്രതിപാദിക്കുന്നു.

ഇതുവരെയും റൂശ്മാകൾക്കു മുമ്പ് പട്ടക്കാരൻ ഓരോ പ്രാവശ്യം മാത്രമാണ് സമാധാനം ആശംസിച്ചിരുന്നത് എന്നും, എന്നാൽ ഉയർപ്പിനെ അനുസ്മരിച്ചശേഷം രണ്ട് തവണ സമാധാന ആശംസ നൽകിയതിനാൽ അതിന്റെ പൊരുളെന്തെന്ന് ചിന്തിച്ചപ്പോൾ ഉത്ഥിതനായ കർത്താവ് ശിഷ്യരെ പലതവണ സന്ദർശിച്ച് അവർക്ക് സമാധാനം ആശംസിച്ചുവെന്ന് (യോഹ. 20:19,21,26) ഞാൻ ഗ്രഹിച്ചു. തന്റെ സ്വർഗ്ഗാരോഹണ സമയത്ത് താൻ ശിഷ്യന്മാരെ ബെതാന്യയോളം ഒലിവുമലയിലേക്കു കൂട്ടികൊണ്ടുപോയി തന്റെ തൃക്കൈകളെ ഉയർത്തി അനുഗ്രഹിച്ച റൂശ്മായെ ഇത് സൂചിപ്പിക്കുന്നുവെന്നും (ലൂക്കോ. 24:50) ഇവിടെ സ്വർഗ്ഗാരോഹണത്തിന്റെ സന്ദേശം വിശ്വാസികൾക്ക് ലഭിക്കുന്നുവെന്നും ഞാൻ ഉൾകൊണ്ടു.

"നാം ഭയത്തോടും വിറയലോടും കൂടെ സൂക്ഷിക്കണം" എന്ന ശുശ്രൂഷകന്റെ ആഹ്വാനവും മണികളുടെയും മറുബഹാസാകളുടെയും ശബ്ദങ്ങളും" കർത്താവേ കരുണതോന്നി ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ" എന്ന ജനത്തിന്റെ പ്രാർത്ഥനയും എന്റെ ശ്രദ്ധ പൂർണ്ണമായും അവിടേക്ക് തിരിച്ചു. അപ്പോൾ രണ്ട് ശെമ്മാശന്മാർ കത്തിച്ച മെഴുകുതിരികൾ ഉയർത്തിപിടിച്ചുകൊണ്ട് പട്ടക്കാരന്റെ ഇരുവശങ്ങളിൽ നിൽക്കുകയും മേല്പോട്ടു നോക്കി അവർ പ്രാർത്ഥിക്കുന്നതും കണ്ടു. ശുശ്രൂഷകന്റെ ധൂപകലശപ്പുക കാർമ്മേഘതുല്യം ആകാശത്തിലേക്ക് കയറുന്നതിനെയും ഞാൻ സൂക്ഷിച്ചു കണ്ടു. "എന്നാറെ അവൻ അവരെ അനുഗ്രഹിക്കയിൽ അവരിൽ നിന്നു പിരിഞ്ഞ് സ്വർഗ്ഗത്തിലേക്ക് എടുത്തുകൊള്ളപ്പെട്ടു" എന്ന വി. ലൂക്കോസ് ഏവൻഗേലിസ്ഥായുടെ സാക്ഷ്യത്തിന്റെ (ലൂക്കോ. 24:51) പൊരുൾ എന്നിൽ തെളിഞ്ഞു. ഇതിനെ ദൃഷ്ടാന്തീകരിച്ചുകൊണ്ട് പട്ടക്കാരൻ ആദ്യം പീലാസായും പിന്നീട് കാസായും ഉയരങ്ങളിലേക്ക് ഉയർത്തിയപ്പോൾ ആയത് കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിന്റെ അനുഭവം തന്നെയെന്ന് തിരിച്ചറിഞ്ഞു. ഉയർത്തി പിടിച്ചിരുന്ന തിരികൾ സ്വർഗ്ഗാരോഹണസമയത്ത് പ്രത്യക്ഷപ്പെട്ട ദൂതന്മാരുടെ സാനിധ്യമാണെന്നും "ഗലീല മനുഷ്യരെ! നിങ്ങൾ ആകാശത്തിലേക്ക് നോക്കി നിൽക്കുന്നത് എന്ത്? അവൻ സ്വർഗ്ഗത്തിലേക്ക് പോകുന്നതായി നിങ്ങൾ കണ്ടതുപോലെ അവൻ വരും" (അപ്പോ. 1:11) എന്ന സാക്ഷ്യവും ഓർത്തു. അപ്പോൾ ഞാൻ ധ്യാനത്തിലേക്ക് പ്രവേശിച്ചു.

"എന്റെ ആത്മാവേ! പ. കുർബ്ബാനയുടെ രഹസ്യങ്ങളെ നീ അറിയുക,

അതിലെ മർമ്മങ്ങളെ ധ്യാനിക്കുക. കർത്താവിനെ സ്തോത്രം ചെയ്യുക. കർത്താവേ! ഈ സമയം നിന്റെ സ്വർഗ്ഗാരോഹണ സമയമാകുന്നുവല്ലോ. ഇതിൽ എന്നെയും നീ സംബന്ധിപ്പിക്കണമെ. നിന്റെ ശിഷ്യരോടൊപ്പം ആ സൗഭാഗ്യം ഇപ്പോൾ ഞാനും അനുഭവിക്കുന്നു. നിന്റെ പരിശുദ്ധാത്മാവിന്റെ ആഗമനത്തിനായി ഇപ്പോൾ ഞാൻ കാത്തിരിക്കുന്നു. നിന്റെ ജീവന്റെ ആത്മാവിനെ നീ എന്നിലേക്ക് അയക്കണമെ. ഞാൻ ഉയരത്തിലുള്ള നിന്റെ വിശുദ്ധിയുടെ മാളികയിൽ ശിഷ്യരോടുകൂടെ പാർത്തുകൊള്ളട്ടെ. നിന്റെ ശിഷ്യരോടൊപ്പം അവിടെ ഞാനും നിന്നെ വന്ദിക്കും.' ഈ ധ്യാനത്തോടെ തലകുനിച്ച് നിൽക്കുമ്പോൾ പട്ടക്കാരൻ ഉച്ചത്തിൽ ഏതാനും പ്രസ്താവനകൾ നടത്തുന്നത് കൂടുതൽ ആനന്ദത്തിന് ഇടയാക്കി.

"തന്റെ മനോഗുണത്താൽ ലോകത്തെ മനഞ്ഞുണ്ടാക്കിയ പരിശുദ്ധനായ ഏകപിതാവ് നമ്മോടുകൂടെ" എന്നും തന്റെ തിരുമേനിയുടെ വിലയേറിയ കഷ്ടതകളാൽ ലോകത്തെ രക്ഷിച്ചു എന്ന പരിശുദ്ധ ഏകപുത്രൻ നമ്മോടുകൂടെ എന്നും ഉണ്ടായതും ഉണ്ടാകുവാനിരിക്കുന്നതും ആയ സകലത്തേയും പൂർണ്ണമാക്കി തികയ്ക്കുന്ന ജീവനുള്ള ഏക പ. റൂഹായും നമ്മോടുകൂടെ" എന്നും അദ്ദേഹം ഉച്ചത്തിൽ ആനന്ദപൂർവ്വം പ്രാർത്ഥിച്ചു പറഞ്ഞപ്പോൾ ഓരോ പ്രസ്താവനയുടെ അവസാനത്തിലും 'ആമ്മീൻ' പറഞ്ഞുകൊണ്ട് വിശ്വാസികൾ ആ സ്വർഗ്ഗീയ അനുഭവത്തിൽ ഭയഭക്തി രസങ്ങളോടെ പങ്കുകൊണ്ടു!

വി. ത്രിത്വം അതിന്റെ മൂന്നു കൗമ്മാകളുടെയും സ്വഭാവങ്ങളോടെയും പ്രവർത്തികളോടെയും (പിതാവ് - പുത്രൻ - പ. റൂഹാ എന്നും സൃഷ്ടി, രക്ഷ, പരിപാലനം എന്നും) വെളിപ്പെടുന്നതിനാൽ 'ഇമ്മാനുവേൽ' അഥവാ ദൈവം നമ്മോടുകൂടെ എന്ന (മത്താ. 1:23) അനുഭവത്തിന്റെ പൂർണ്ണതയിൽ ഇവിടെ തെളിയുന്നു എന്നു മൂന്നു തവണയുള്ള പ്രഖ്യാപനം ഈ വെളിപ്പെടലിന്റെ ഉറപ്പും പൂർണ്ണതയും ആകുന്നു എന്നും ഞാൻ അറിഞ്ഞു.

നമ്മുടെ കർത്താവ് തിരുവെഴുത്തുകളിൻ പ്രകാരം ജനിച്ചു, മരിച്ച്, ഉയർത്തെഴുന്നേറ്റ്, സ്വർഗ്ഗാരോഹണം ചെയ്തശേഷം ദൈവത്തിന്റെ ആത്മാവ് എന്നേക്കും നമ്മോടുകൂടെ വസിപ്പാനായി എഴുന്നെള്ളുന്നു എന്നതിനാൽ രക്ഷാകരമായ ഈ ക്രിയകൾ വി. കുർബ്ബാനയിൽ അനുഷ്ഠിച്ചശേഷം ഇപ്പോൾ പെന്തിക്കോസ്തിയുടെ നൽവരവും നിറവേറി ദൈവം നമ്മോടുകൂടെ അഥവാ നമ്മിൽ (പ. സഭയിൽ) വ്യാപരിക്കുന്നു എന്നും ഇതിനാൽ അർത്ഥം ലഭിക്കുന്നു.' "ഞാൻ പോയാൽ എന്നേക്കും നിങ്ങളിൽ വസിപ്പാനായി അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും" (യോഹ. 16:7) എന്ന വചനം ഇവിടെ സ്പഷ്ടമായി നിറവേറുന്നു. ഇങ്ങനെ ഒരു പ്രാർത്ഥനയും ഏറ്റുപറച്ചിലും പെന്തിക്കോസ്തിയുടെ സ്മരണയെന്നല്ലാതെ മറ്റൊന്നും പറവാൻ കാരണം കാണുന്നില്ലാ എന്നും ഞാൻ മനസ്സിൽ ഉറച്ച് ധ്യാനിച്ചു.

ഈ സമയത്ത് പട്ടക്കാരൻ കാസായും പീലാസായും ഓരോ കബിലാന കൊണ്ട് മൂടിയശേഷം പദവിയിൽ നിന്നും താഴെയിറങ്ങി അതീവ ബഹുമാനത്തോടെ രഹസ്യങ്ങളുടെ മുന്നിൽ നിൽക്കുകയും തുടർന്ന് വി. ദൈവമാതാവിന്റെയും പരിശുദ്ധന്മാരുടെയും സകല വാങ്ങിപ്പോയവരുടെയും പ്രാർത്ഥനകളോടെ (കുക്കിലിയോൻ) ആദ്യം രഹസ്യങ്ങളുടെ മുന്നിലും പിന്നീട് വിശ്വാസസമൂഹത്തെ മുഴുവനും ധൂപിപ്പിക്കുന്നതും കണ്ടപ്പോൾ ആയത് എത്രയോ മഹത്വകരമായ സ്വർഗ്ഗീയ അനുഭവമാകുന്നു എന്നും ഞാൻ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തി.

(തുടരും)

## നഗ്നമായ പക്ഷംചേരൽ ആർക്കുവേണ്ടി? എന്തിനുവേണ്ടി?


### ഫാ. ഡോ. തോമസ് വർഗീസ് അമയിൽ

(വൈദിക ട്രസ്റ്റി, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ)


ജനാധിപത്യത്തിൽ സർക്കാർ കോടതിയാകുന്നത്, ഏകാധിപത്യത്തിന്റെ ലക്ഷണമാണ്. അശുദ്ധവും, നഗ്നവുമായ ഈ പക്ഷംചേരൽ രാഷ്ട്രീയനേട്ടത്തിനു വേണ്ടിയാണോ? ഒരു നേട്ടവും കിട്ടാൻ പോകുന്നില്ല. കാലം സാക്ഷിയാണ്; ചരിത്രവും സാക്ഷിയാണ്; കണക്കുകളും സാക്ഷിയാണ്!

ഭാരതത്തിന്റെ പരമോന്നത നീതിപീഠമായ സുപ്രീംകോടതിയുടെ വിധി നടപ്പിലാക്കാത്തിരിക്കാൻ ആയിരം തിരകഥകൾ മെനഞ്ഞിട്ടും, പോറാട്ടുനാടകങ്ങൾ നടത്തിയിട്ടും തടുത്തു നിറുത്തുവാൻ കഴിയാത്തവരുടെ അടുത്ത ശ്രമവും ഉയരത്തിലെ ദൈവം പരാജയപ്പെടുത്തും!

2017-നു ശേഷം യാക്കോബായ വിഭാഗം എന്നൊരു വിഭാഗം ഇല്ല. ഉള്ളത് 1934 ൽ രൂപീകരിക്കപ്പെട്ട ഭരണഘടനയാൽ ഭരിക്കപ്പെടുന്ന മലങ്കരയിലെ പുരാതനവും യേശുക്രിസ്തുവിന്റെ അപ്പോസ്തലനായ മാർത്തോമാ ശ്ലീഹായാൽ സ്ഥാപിതവുമായ ഓർത്തഡോക്സ് സഭ മാത്രം!

സമയം വേണം പോലും. മുന്നു വർഷം പോറിട്ടുനാടകം കളിച്ച കേരള സർക്കാർ ഓർത്തഡോക്സ് സഭയെ പൂർണ്ണമായും തള്ളി. വിഘടിതവും അസ്തമയ ബിന്ദുവിൽ ഉള്ളതുമായ ഒരു വിഭാഗം നടത്തുന്ന നിയമവിരുദ്ധമായ പ്രവർത്തികൾക്കു, കേരളത്തിലെ ജനത്തിന്റെ നികുതിപണം കൊണ്ട് അസ്തിത്വംനിർമ്മിച്ചു കൊടുക്കുവാനുള്ള കരുനിക്കങ്ങളിലാണ് കേരള സർക്കാർ ഏർപ്പെട്ടിരിക്കുന്നത്.

സത്യസഭയായ മലങ്കര ഓർത്തഡോക്സ് സഭക്കെതിരെ വെല്ലുവിളി ഉയർത്തിയവർ വിജയിച്ച ചരിത്രമില്ല. വിഘടന വിഭാഗത്തിനുവേണ്ടി ജനാധിപത്യ ധ്വംസനം നടത്തുന്ന കേരള സർക്കാർ അതിൽ നിന്നും എത്രയും പെട്ടെന്ന് പിന്തിരിയുന്നതാണ് കേരളത്തിലെ ജനാധിപത്യത്തിനു നല്ലത്.

## പക്ഷം ചേരുന്നവരിൽ നിന്ന് ഇനിയെന്ത് നീതി പ്രതീക്ഷിക്കുവാൻ?


### റോണി വർഗീസ് എബ്രഹാം

(അൽമായ ട്രസ്റ്റി, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ)


ഭാരതത്തിന്റെ പരമോന്നത നീതിപീഠം തീർപ്പ് കൽപ്പിച്ച മലങ്കര സഭ കേസ് വീണ്ടും സുപ്രീംകോടതിയിലേക്ക് എത്തിച്ച് അനന്തമായ വ്യവഹാരത്തിന് തുടക്കം കുറിക്കുവാൻ കേരള സർക്കാർ പക്ഷപാതപരമായി ഇടപെടുന്നത് ദുഃഖത്തോടും അത്യധികമായ പ്രതിഷേധത്തോടും കൂടെ വീക്ഷിക്കുവാൻ മാത്രമാണ് ഈ സമയം ഇടയാകുന്നത്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നീതിപൂർവ്വമായതും കോടതിവിധികളാൽ സാധൂകരിക്കപ്പെട്ടതുമായ ആവശ്യം മറികടക്കുവാൻ ഒരു വിഭാഗത്തിന്റെ മാത്രം വക്താക്കളായി ബഹുമാനപ്പെട്ട കേരള ഗവൺമെന്റ് മാറുമ്പോൾ മലങ്കരസഭാ തർക്കത്തിലെ കേരള സർക്കാർ യാക്കോബായ വിഭാഗവുമായുള്ള അനീതി നിറഞ്ഞ ബാന്ധവം മറനീക്കി പുറത്തുവരികയാണ്.

പരിശുദ്ധ സഭ കുറേക്കാലമായി പറയുവാൻ ശ്രമിച്ചത് ഈ അനീതിയുടെ പിൻവാതിൽ ബന്ധത്തെ കുറിച്ചാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പള്ളികൾ അധികാരത്തിന്റെ ഗർവ് ഉപയോഗിച്ച് കോടതിവിധികളെ കാറ്റിൽ പറത്തുന്ന ഒരു വിഭാഗത്തിന് തന്നെ നൽകണം എന്ന് മനസ്സാക്ഷിക്കുത്തില്ലാതെ ഒത്താശ പറയുന്നവരെ മലങ്കര സഭാംഗങ്ങൾ എങ്കിലും എല്ലാക്കാലത്തേക്കും ഓർത്തിരിക്കണം

ദൈവത്തിൽ ആശ്രയിച്ച് നാം മുന്നോട്ട് തന്നെ...

ഈ സഭ ദൈവത്തിന്റേതാണ്!

കണ്ണിമ ചിമ്മാതെ ദൈവം പരിപാലിച്ചു കൊള്ളും.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

# കേരള സർക്കാരിന്റേത് ഏകപക്ഷീയവും നീതിരഹിതവുമായ നിലപാട്

## ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത

### (ചെങ്ങന്നൂർ ഭദ്രാസനം)

മലങ്കരസഭാ വിഷയത്തിൽ സർക്കാരിന്റെ ഏകപക്ഷീയമായ നിലപാടും നാടകവും വ്യക്തമാക്കുന്ന വിധികളാണ് അടിക്കടി വന്നുകൊണ്ടിരിക്കുന്നത്. ‘അടിക്കരുത് അമ്മാവാ ഞാൻ നന്നാകില്ല’ എന്നു പറയുന്നതുപോലെ എത്ര വിധിയും, കോടതി അലക്ഷ്യ നടപടികളും കോടതിയിൽ നിന്നും ഉണ്ടായിട്ടും അതിനെല്ലാം മറികടക്കുവാൻ ബഹുമാനപ്പെട്ട സുപ്രീംകോടതി തന്നെ നിലവിൽ ഇല്ല എന്ന് പ്രഖ്യാപിച്ച നിരോധിക്കപ്പെട്ട ഒരു വിഭാഗത്തോട് ചേർന്ന് അസ്തിത്വ ഉണ്ടാക്കുവാൻ കിണഞ്ഞ് പരിശ്രമിക്കുമ്പോൾ മടിയിൽ നല്ല കനം ഉണ്ടായിട്ടാണ് എന്ന് സംശയിക്കാതിരിക്കാൻ നിവൃത്തിയില്ല. യാക്കോബായ സഭ എന്ന ഒന്നില്ല.. നിലവിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ എന്നു മാത്രമേ ഉള്ളൂ. വാർത്താ മാധ്യമങ്ങൾ പോലും തെറ്റിദ്ധാരണ ഉണ്ടാക്കാൻ തരത്തിൽ യാക്കോബായ - ഓർത്തഡോക്സ് തർക്കം എന്നു പറയുന്നത് കാര്യത്തെപ്പറ്റി യാതൊരു ബോധവും ഇല്ലാത്തതുകൊണ്ടാണ് എന്ന് തുറന്നു പറയട്ടെ. സർക്കാരിന്റെ പോലീസ് നാടകവും, ഒത്തുകളിയും മനസ്സിലാക്കിയ ബഹുമാനപ്പെട്ട കോടതി കോടതി അലക്ഷ്യ കേസ് എടുക്കുവാൻ വീണ്ടും വിധി പറയുമ്പോൾ അവിടെ പ്രതിക്കൂട്ടിൽ നിൽക്കുന്നത് സർക്കാരും പോലീസും, ജില്ലാ ഭരണാധികാരികളും അല്ലേ. ക്രമസമാധാന പ്രശ്നം ഇല്ലാതെ നോക്കേണ്ടതും, നിയമലംഘനം തടയേണ്ടതും, നീതി നടപ്പാക്കേണ്ടതും സർക്കാരിന്റെ ഉത്തരവാദിത്തമല്ലേ?

‘ചിലരുടെ’ തൽപ്പര കക്ഷികളോ, ചിലർക്കു വേണ്ടി മാത്രം നയിക്കപ്പെടുന്ന സർക്കാരോ ആണോ കേരളം ഭരിക്കുന്നത്? അവരുടെ മാത്രം സംരക്ഷകരാണോ സർക്കാർ? കളക്ടറും പോലീസ് അധികാരികളുമല്ലേ കോടതി വിധികൾ നടപ്പാക്കാൻ ഉത്തരവാദപ്പെട്ടവർ? അവരെ ഒഴിവാക്കണം എന്ന് പറഞ്ഞാൽ ജുഡീഷ്യറിയുടെ പ്രവർത്തനങ്ങൾ നടപ്പാക്കാൻ ആരാണ് ഉത്തരവാദി? ആരാണ് അവ നടപ്പാക്കുക? കോടതി വിധി വരുന്ന സമയത്ത് മുൻകൂട്ടി മറുഭാഗത്തെ അറിയിച്ച് നടത്തുന്ന നാടകം തുടങ്ങിയിട്ട് കാലം കുറെ ആയില്ലേ? ഇനിയും ഇത്തരം നാടകങ്ങൾക്ക് സമയം വേണമെന്ന് പറഞ്ഞാൽ 1995 മുതൽ ഇവിടെ വിധികൾ വന്നിട്ടുണ്ട്. വീണ്ടും 2017 മുതൽ 2024 വരെ കിട്ടിയ സമയം മതിയായില്ല എന്നാണോ? സർക്കാരിന്റെ ഇത്തരം നീതിരഹിത നടപടികൾക്ക് കൂട്ടുനിൽക്കുകയും കോടതിവിധിയെ ചോദ്യം ചെയ്യുന്ന സർക്കാർ നയത്തോട് ചേർന്ന് ചീഫ് സെക്രട്ടറിയും, ജില്ലാ കളക്ടറും പ്രവർത്തിച്ചാൽ കോടതി നടപടി നേരിടേണ്ടി തന്നെ വരും. മലങ്കര സഭ നീതി നടപ്പാക്കണം എന്ന് മാത്രമേ ആവശ്യപ്പെടുന്നുള്ളൂ. അത് ആർക്കും എതിരല്ല, ആരെയും പുറത്താക്കാൻ സഭ ആവശ്യപ്പെടുന്നുമില്ല. എന്നാൽ നീതി ആരുടെയും ഔദാര്യമല്ല ഈ സഭയുടെ അവകാശമാണ്. അത് നേടിയെടുക്കുവാൻ ഇടയ്ക്ക് ആളു പൊതിയുമായി കാണാൻ വരണമെന്ന് പറഞ്ഞാൽ അത് ഇവിടെ നടപ്പില്ല. അങ്ങനെ ഒരു ഒത്തുതീർപ്പ് സമാധാനം സഭയ്ക്ക് ആവശ്യവുമില്ല. കോടതി വിധികളെ ഏകപക്ഷീയമായി അസ്ഥിരപ്പെടുത്താൻ ശ്രമിക്കുകയും, ഇല്ലാത്ത കാരണങ്ങൾ പറഞ്ഞ് സമൂഹത്തിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുകയും കോടതിയുടെയും പൊതുസമൂഹത്തിന്റെയും സമയവും ഊർജ്ജവും സമ്പത്തും നഷ്ടപ്പെടുത്തുകയും ചെയ്യുന്ന സർക്കാരിന്റെ നയത്തോടുള്ള ശക്തമായ പ്രതിഷേധം അറിയിക്കുന്നു. ❑


## ബർസ്ലീബി കെ. ദാനിയേൽ അന്തരിച്ചു



നിരണം: മട്ടയ്ക്കൽ കാരിക്കോട്ട് ബർസ്ലീബി കെ. ദാനിയേൽ (കുഞ്ഞ്, 80) അന്തരിച്ചു. നിരണം വലിയപള്ളി ട്രസ്റ്റി, മാനേജിംഗ് കമ്മിറ്റി അംഗം, എം.ജി.എം. സൺഡേസ്കൂൾ വൈസ് പ്രസിഡന്റ്, ചങ്ങനാശേരി NFPTE പ്രസിഡന്റ്, കടപ്ര സർവീസ് സഹകരണ ബാങ്ക് ഡയറക്ടർ ബോർഡ് അംഗം, വൈ.എം.സി.എ. ട്രഷറർ, മട്ടക്കൽ കുടുംബയോഗം വൈസ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നീ നിലകളിൽ പ്രവർത്തിച്ചു. പരുമല സെമിനാരിയുടെ ദീർഘകാല മാനേജർ ആയിരുന്ന കെ. ബി. മാത്യൂസ് കത്തനാരുടെ (കാരിക്കോട്ടച്ചൻ) സഹോദര പുത്രനാണ്.

സംസ്കാരം യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ നിരണം പള്ളിയിൽ നടന്നു.

## പുസ്തകം




**മായാത്ത മന്ദസ്മിതം**
(തോമസ് തേക്കിൽ കോർഎപ്പിസ്ക്കോപ്പാ സ്മൃതി ഗ്രന്ഥം)

എഡിറ്റർ:
റ്റിബിൻ ചാക്കോ തേവർവേലിൽ

പ്രസാധകർ: സോഫിയാ ബുക്സ്, കോട്ടയം

വില: 200.00




**അകപൊരുൾ**

ഫാ. ഡോ. എബ്രഹാം കോശി കുന്നും പുറത്ത്

പ്രസാധകർ: മഷിക്കൂട്ട് ഇംപ്രിന്റ്, കോട്ടയം

വില: 250.00

# പരിശുദ്ധനായ പൗലോസ് ശ്ലീഹാ, തിമോത്തിയോസിന് എഴുതിയ ഒന്നാം ലേഖനത്തെ ആസ്പദമാക്കിയുള്ള സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസിന്റെ അഞ്ചാമത്തെ പ്രസംഗം



## ഫാ. ജോബ് സാം മാത്യു
**(ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം)**

'മകനേ, തിമൊഥെയൊസേ, നിന്നെക്കുറിച്ചു മുമ്പുണ്ടായ പ്രവചനങ്ങൾക്കു ഒത്തവണ്ണം ഞാൻ ഈ ആജ്ഞ നിനക്കു ഏല്പിക്കുന്നു; നീ വിശ്വാസവും നല്ല മനസ്സാക്ഷിയും ഉള്ളവനായി അവയെ അനുസരിച്ചു നല്ല യുദ്ധസേവ ചെയ്ക. ചിലർ നല്ല മനസ്സാക്ഷി തള്ളിക്കളഞ്ഞിട്ടു അവരുടെ വിശ്വാസക്കപ്പൽ തകർന്നുപോയി.'

ഉപദേഷ്ടാവിന്റെയും (Teacher, അധ്യാപകന്റെയും) വൈദികന്റെയും ദൗത്യം വലിയ അന്തസ്സുള്ളതാണ്. ഇവയ്ക്ക് യോഗ്യരായവരെ കണ്ടെത്തുവാൻ ദൈവീകമായ തിരഞ്ഞെടുപ്പ് അനിവാര്യമാണ്. പണ്ടും ഇന്നും സൗഹൃദത്തിനും ശത്രുതയ്ക്കും വഴങ്ങാതെയും, താൽക്കാലിക പരിഗണനകൾക്ക് വിധേയമാകാതെയും, മാനുഷികമായ താല്പര്യങ്ങൾക്കു കീഴ്പ്പെടാതെയും തിരഞ്ഞെടുപ്പ് നടത്തുന്നു. അവരെപ്പോലെ ആത്മാവിൽ മഹത്തായ വിധത്തിൽ നമ്മൾ പങ്കുചേരുന്നില്ലെങ്കിലും ദൈവം നമ്മെ തെരഞ്ഞെടുക്കാൻ നമ്മുടെ നല്ല ഉദ്ദേശ്യം ആവശ്യമാണ്. മത്യാസിനെ തിരഞ്ഞെടുക്കുമ്പോൾ അപ്പോസ്തോലന്മാർക്കു പരിശുദ്ധാത്മാവിനെ ലഭിച്ചിരുന്നില്ല. എന്നാൽ അവർ പ്രാർത്ഥനയിൽ ഈ വിഷയം സമർപ്പിച്ച്, അവനെ തിരഞ്ഞെടുത്ത് തങ്ങളോടൊപ്പം അപ്പോസ്തോലനായി ചേർത്തു. അവർ മാനുഷികമായ സൗഹൃദങ്ങൾക്കല്ല പ്രാധാന്യം നൽകിയത്. നമുക്കും ഇപ്രകാരം തന്നെയാണ്. എന്നാൽ നമ്മൾ ഈ വിഷയത്തിൽ വലിയ പ്രാധാന്യം കൽപ്പിക്കാത്ത നിലയിലേക്കെത്തി. നമുക്കു വ്യക്തമായത് പോലും നാം ശ്രദ്ധിക്കുന്നില്ല. നമുക്ക് വ്യക്തമായതു പോലും നാം ശ്രദ്ധിക്കുന്നില്ലെങ്കിൽ ദൈവം അദൃശ്യമായതു എങ്ങനെ നമ്മോടു വെളിപ്പെടുത്തും? "നിങ്ങൾ അല്പത്തിൽ വിശ്വസ്തരല്ലെങ്കിൽ, ശ്രേഷ്ഠവും സത്യവുമായത് നിങ്ങളെ എങ്ങനെ ഭരമേൽപ്പിക്കും?" (ലൂക്കോ. 16:11).

മനുഷ്യർ ഒന്നും ചെയ്യാതിരുന്നപ്പോൾ, പുരോഹിതന്മാരെ നിയമിച്ചത് പ്രവചനത്തിലൂടെയാണ്. എന്താണ് "പ്രവചനത്തിലൂടെ" (by prophesy) എന്നതുകൊണ്ട് അർത്ഥമാക്കുന്നത്? അതായത് പരിശുദ്ധാത്മാവിനാൽ. ഭാവി കാര്യങ്ങൾ പറയുന്നതു മാത്രമല്ല വർത്തമാന സംഭവങ്ങളും അറിയിക്കുന്നതാണ് പ്രവചനം. അങ്ങനെയാണ് ഒളിച്ചിരുന്ന ശൗലിനെ കണ്ടെത്തിയത് (1 ശമു. 10:22). ദൈവം നീതിമാന്മാർക്ക് കാര്യങ്ങൾ വെളിപ്പെടുത്തുന്നു. 'ശൗലിനെയും ബർണബാസിനെയും വിളിച്ചിരിക്കുന്ന വേലയ്ക്കായിട്ട് വേർതിരിപ്പിൻ' (അപ്പോ. 13:2) എന്ന് പ്രവചനമുണ്ടായി. ഇപ്രകാരം പ്രവചനങ്ങളിലൂടെയാണ് തീമോത്തിയോസിനെയും തെരഞ്ഞെടുത്തത്. അവനെ പരിച്ഛേദനയും അഭിഷേകവും (ordained) ചെയ്തു. 'നിന്നിലുള്ള കൃപാവരം ഉപേക്ഷയായി വിചാരിക്കരുതെന്ന്' (1 തീമോ. 4:14) ഓർമ്മിപ്പിക്കുകയും ചെയ്തു. അവനെ ഉയർത്താനും, സ്വബോധവും ജാഗ്രതയും (sober and watchful) ഉള്ളവനായി തയ്യാറാക്കാനുമായി, നിന്നെ തിരഞ്ഞെടുത്ത് പട്ടം നൽകിയതു (chosen and ordained) ആർ എന്ന് പൗലോസ് ഓർമ്മിപ്പിക്കുന്നു. ‘‘ദൈവം നിന്നെ തിരഞ്ഞെടുത്തു. അവൻ നിനക്കു ദൗത്യം ഭരമേൽപ്പിച്ചു. മനുഷ്യരല്ല നിന്നെ തിരഞ്ഞെടുത്തത്. ദൈവം നിന്നെ നിയമിച്ചിരിക്കുന്നതിനാൽ ചൂഷണം ചെയ്യുകയോ അപമാനം വരുത്തുകയോ ചെയ്യരുത്" എന്നും ഓർമിപ്പിച്ചു.

"മകനെ, തീമോത്തിയോസേ, ഞാൻ ഈ ആജ്ഞ നിന്നെ ഏൽപ്പിക്കുന്നു" എന്ന് പൗലോസ് തീക്ഷ്ണതയോടെ പറയുന്നു. "മകനെ", "എന്റെ സ്വന്തം മകൻ തീമോത്തിയോസേ" എന്നാണ് പൗലോസ് വിളിക്കുന്നത്. ഇത് ഒരു പിതാവിനെ പോലെ ഏകാധിപത്യപരമായോ സ്വേച്ഛാധിപത്യപരമായോ അല്ല വിളിക്കുന്നത്. 'ഏൽപ്പിക്കുന്നു' (committing) എന്നത് നമ്മുടേതല്ലാത്ത ഒരു കാര്യം






ഉത്സാഹത്തോടെ സൂക്ഷിക്കേണ്ടതുണ്ട് എന്നു സൂചിപ്പിക്കുന്നു. കാരണം അതു നാം നേടിയെടുത്തതല്ല, ദൈവം നമുക്ക് ഭരമേൽപ്പിച്ചതാണ്. അപ്രകാരംതന്നെ വിശ്വാസവും നല്ല മനസാക്ഷിയും നമുക്കു നൽകി. അവൻ നമുക്കായി നൽകിയത് നമുക്കു കാത്തുസൂക്ഷിക്കാം. അവൻ വന്നില്ലായിരുന്നുവെങ്കിൽ വിശ്വാസവും, വിദ്യാഭ്യാസത്തിലൂടെ നാം ആർജിക്കുന്ന വിശുദ്ധ ജീവിതവും കണ്ടെത്തുകയില്ലായിരുന്നു. "ഞാനല്ല നിന്നെ ഭരമേൽപ്പിച്ചത്, മറിച്ച് ദൈവമാണ്." ഇത് നമ്മെ സംബന്ധിച്ച പ്രവചനങ്ങളെ സൂചിപ്പിക്കുന്നു. അതിനാൽ അവയെ ശ്രദ്ധിച്ച് അനുസരിക്കുക.

നിങ്ങളെ എന്താണ് ഭാരമേൽപ്പിച്ചത് എന്ന് പറയുക? 'നല്ല യുദ്ധസേവ ചെയ്യണം' എന്നതാണ്. "നല്ല യുദ്ധസേവ" എന്നത് മോശം യുദ്ധസേവയുണ്ട് എന്നതിന്റെ തെളിവാണ്. 'നിങ്ങളുടെ അവയവങ്ങളെ അധർമത്തിനായി അശുദ്ധിക്കും അധർമത്തിനും അടിമകളാക്കി സമർപ്പിച്ചിരിക്കുന്നു' (റോമ. 6:19). അധാർമികൾ സ്വേച്ഛാധിപതിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ നിങ്ങൾ രാജാവിൻറെ കീഴിലാണ് ശുശ്രൂഷിക്കുന്നത്. 'യുദ്ധസേവ' എന്ന് വിളിച്ചത് എന്തുകൊണ്ട്? ഒരു ഗുരു എന്ന നിലയിൽ എത്രത്തോളം കഠിനമായ പോരാട്ടമാണ് നയിക്കേണ്ടി വരുന്നത് എന്നു സൂചിപ്പിക്കുന്നതിനാണ് ഇങ്ങനെ വിശേഷിപ്പിച്ചത്. നമുക്കു മികച്ച ആയുധങ്ങളും, ആത്മനിയന്ത്രണവും, ഉണർവും നിദാന്ത ജാഗ്രതയും ആവശ്യമുണ്ട്. രക്തം ചൊരിയുന്നതിനും സംഘട്ടനങ്ങൾക്കും നാം തയ്യാറാകണം. വിശ്രമമില്ലാതെ യുദ്ധനിരയിൽ ഉണ്ടാകണം. നിങ്ങൾ അവരോടു പോരാടണമെന്ന് അവൻ പറയുന്നു. ഒരു സൈന്യത്തിൽ എല്ലാവരും ഒരുപോലെയല്ല, തങ്ങൾക്കു നൽകിയിരിക്കുന്ന വിധങ്ങളിലാണ് യുദ്ധം ചെയ്യുന്നത്. അതുപോലെ സഭയിൽ ഒരാൾ ഉപദേഷ്ടാവിന്റെയും മറ്റൊരാൾ ശിഷ്യന്റെയും വേറൊരാൾ സാധാരണക്കാരന്റെയും ദൗത്യം നിർവഹിക്കുന്നു. നിങ്ങളും ഇതിൽ ഉൾപ്പെടുന്നു എങ്കിലും ഇതിൽ അതീതമായത് നിങ്ങൾക്കു നിർവഹിക്കാനുണ്ട് എന്ന് പൗലോസ് ശ്ലീഹാ കൂട്ടിചേർക്കുന്നു.

**"വിശ്വാസവും നല്ല മനസ്സാക്ഷിയും ഉള്ളവനാവുക."**

ഒരു അധ്യാപകനാകുവാൻ ആഗ്രഹിക്കുന്നവൻ ആദ്യം സ്വയം

പഠിപ്പിക്കണം. ഒരു നല്ല സൈനികൻ അല്ലാത്തവൻ ഒരിക്കലും ഒരു പട്ടാളമേധാവി ആകില്ല. അപ്രകാരം തന്നെയാണ് അധ്യാപകനും. 'മറ്റുള്ളവരോട് പ്രസംഗിച്ച ശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കണം' (1 കൊരിന്ത്യർ 9:27) എന്ന് പൗലോസ് മറ്റൊരു പറയുന്നുണ്ടല്ലോ. മറ്റുള്ളവരുടെ നേതാവാകാൻ വിശ്വാസവും നല്ല മനസ്സാക്ഷിയും മുറുകെ പിടിക്കണം എന്ന പൗലോസ് ശ്ലീഹ പറയുന്നു. നമ്മൾ അധ്യാപകരാണെങ്കിലും നമുക്കുള്ള അധികാരികളുടെ പ്രബോധനങ്ങളെ തള്ളിക്കളയരുത്. തീമോത്തിയോസുമായി താരതമ്യം ചെയ്യുവാൻ നാം യോഗ്യരല്ല. എങ്കിലും ഒരു ഉപദേഷ്ടാവായിരിക്കത്തന്നെ അദ്ദേഹം കൽപ്പനകൾ സ്വീകരിക്കുകയും ഉപദേശിക്കപ്പെടുകയും ചെയ്യുന്നുവെങ്കിൽ നാം എത്ര അധികം? ചിലർ നല്ല മനസ്സാക്ഷി തള്ളിക്കളഞ്ഞിട്ട് അവരുടെ അവരുടെ വിശ്വാസക്കപ്പൽ തകർന്നുപോയി. ഇത് സ്വാഭാവികമായും ഉണ്ടാകുന്നു. വികലമായ ജീവിതം നയിക്കുമ്പോൾ അതിനനുസൃതമായ പ്രബോധനങ്ങൾ രൂപപ്പെടുന്നു. അപ്പോൾ അനേകർ ഈ തിന്മയുടെ ഗർത്തത്തിൽ വീണ് വിശ്വാസത്യാഗികളകുന്നു. ഭാവിയെക്കുറിച്ചു ഭീതിയുള്ളവരായി മനോഭാരമനുഭവിക്കാതിരിക്കാനായി അവർ ആഗ്രഹിക്കുന്നു. അതിനായി ഞങ്ങൾ പ്രസംഗിക്കുന്നത് കള്ളമാണ് സ്വന്തം ആത്മാക്കളെ ബോധ്യപ്പെടുത്തുവാൻ അവർ ശ്രമിക്കുന്നു. അങ്ങനെ എല്ലാം യുക്തിപരമായി കണ്ടെത്തുന്നതിനു ശ്രമിച്ച ചിലർ വിശ്വാസത്തിൽ നിന്നും വ്യതിചലിച്ചു. യുക്തിചിന്ത കപ്പൽഛേദം ഉണ്ടാക്കുന്നു. എന്നാൽ വിശ്വാസം സുരക്ഷിതമായ ഒരു കപ്പലാണ്. വിശ്വാസത്തിൽ നിന്നും വ്യതിചലിക്കുന്നവർ കപ്പൽഛേദത്തിൽ പെടും. ഇത് ഒരു ഉദാഹരണത്തിലൂടെ പൗലോസ് ശ്ലീഹാ കാണിക്കുന്നു.

**''ഹുമനയോസും അലക്സന്തരും ഈ കൂട്ടത്തിൽ ഉള്ളവർ ആകുന്നു"**

ഈ ഉദാഹരണത്തിലൂടെ പൗലോസ് ശ്ലീഹ നമുക്കു ഉപദേശം നൽകുന്നു. വശീകരിക്കുന്ന ഉപദേഷ്ടാക്കളും ജിജ്ഞാസുകളായ അന്വേഷകരും വിശ്വാസത്തിൽ നിന്നും അകന്നവരും തങ്ങളുടെ യുക്തി ചിന്തയിൽ ആശ്രയിക്കുന്നവരും അക്കാലത്തും ധാരാളമായി ഉണ്ട് എന്ന് നിങ്ങൾ കാണൂ. കപ്പൽഛേദത്തിൽപ്പെട്ട മനുഷ്യൻ നഗ്നനും ഒന്നുമില്ലാത്തവനും ആകുന്നു. അപ്രകാരം വിശ്വാസത്തിൽ നിന്നും നിപതിച്ചവനും യാതൊന്നും ഉണ്ടാവുകയില്ല. എവിടെ നിൽക്കണം, എവിടെ വസിക്കണം എന്ന് അവൻ അറിയുന്നില്ല. നല്ല ജീവിതം ആർജിക്കുന്നതിനു ആവശ്യമായ മികവും അവനില്ല. ശരീരത്തിലെ തല തകരാറിലായാൽ ശരീരത്തിന്റെ ബാക്കി ഭാഗം കൊണ്ട് എന്ത് പ്രയോജനം? ഉത്തമമായ ജീവിതമില്ലാതെയുള്ള വിശ്വാസം പ്രയോജന രഹിതമാണ്. അപ്രകാരം വിശ്വാസമില്ലാത്ത ജീവിതവും ഏറെ ദുഷ്കരം. ദൈവം തന്റെ മഹിമയെ നമുക്കായി താഴ്ത്തി എങ്കിൽ നമ്മൾ സ്വയത്തെ എത്രത്തോളം അവനായി താഴ്ത്തേണ്ടതുണ്ട്? വിശ്വാസത്തിൽ നിന്നും വീണുപോകുന്നവന് സ്ഥിരതയില്ല. അങ്ങോട്ടും ഇങ്ങോട്ടും നീന്തുന്ന അവൻ അവസാനം ആഴത്തിൽ പതിക്കും.

**"അവർ ദൂഷണം പറയാതിരിക്കാൻ പഠിക്കേണ്ടതിനു ഞാനവരെ സാത്താനെ ഏൽപ്പിച്ചിരിക്കുന്നു."**

നമ്മുടെ യുക്തിയിൽ ആശ്രയിച്ച് ദൈവീക കാര്യങ്ങളെ അന്വേഷിക്കുന്നു എങ്കിൽ അതു ദൈവദൂഷണമാണ്. മനുഷ്യന്റെ യുക്തിക്ക് അവയോടു എന്താണ് പൊതുവായുള്ളത്? ദൈവദൂഷണം പറയരുതെന്ന് സാത്താൻ എങ്ങനെയാണ് അവരെ ഉപദേശിക്കുന്നത്? സ്വയം തിരുത്താത്ത ഒരു ദൈവദൂഷകന് എങ്ങനെയാണ് മറ്റുള്ളവരെ ഉപദേശിക്കുവാൻ കഴിയുക? "പഠിപ്പിക്കണം" എന്നല്ല "പഠിക്കേണ്ടുന്നതിന്" എന്നാണ് ഇവിടെ പറയുന്നത്. അവൻ ചെയ്യുന്നത് എന്നല്ല മറിച്ച് അതിന്റെ പ്രതിഫലം എന്നാണ് അർത്ഥമാക്കുന്നത്. വ്യഭിചാരിയെക്കുറിച്ചും പൗലോസ് ശ്ലീഹാ പറയുന്നത് സമാനമായാണ്. 'ആത്മാവ് കർത്താവായ യേശുവിന്റെ നാളിൽ രക്ഷിക്കപ്പെടേണ്ടതിനു ജഡസംഹാരത്തിനായി സാത്താന് ഏൽപ്പിക്കണം എന്ന് വിധിച്ചിരിക്കുന്നു' (1 കൊരിന്ത്യർ 5:5). വ്യക്തിപരമല്ലാതെ സംസാരിക്കുന്ന ഇത് എങ്ങനെ പ്രാബല്യത്തിലാകും?

ആരാച്ചാർ എണ്ണമറ്റ കുറ്റങ്ങൾ പ്രവർത്തിക്കുന്നവരാണ്. എങ്കിലും മറ്റുള്ളവരെ തിരുത്തുന്നവരായി അവരെ നിയോഗിച്ചിരിക്കുന്നു. ഇപ്രകാരം തന്നെയാണ് ദുരാത്മാവും. ബർയേശുവിനെയും പത്രോസ് അനന്യാസിനോടു ചെയ്തതു പോലെയും അവരെ സാത്താനെ ഏൽപ്പിക്കുകയും, എന്നാൽ സ്വയം ശിക്ഷിക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്തത് എന്തുകൊണ്ട്? കാരണം അവരെ ശിക്ഷിക്കാനല്ല, മറിച്ച് പ്രബോധിപ്പിക്കുന്നതിനാണ് ഇപ്രകാരം ചെയ്തത്. "ഞാൻ എങ്ങനെ വരണം? വടിയോടുകൂടെ വരണമോ" (1 കൊരിന്ത്യർ 4:21) എന്ന് പൗലോസ് ചോദിക്കുന്നു. വീണ്ടും 'ഞാൻ വന്നെത്തിയാൽ ഇടിച്ച് കളവാനല്ല കർത്താവ് തന്നെ അധികാരത്തിനു തക്കവണ്ണം ഖണ്ഡിതം പ്രയോഗിക്കാതിരിക്കേണ്ടതിനു ദൂരത്ത് നിന്ന് ഇത് എഴുതുന്നു' (2 കൊരിന്ത്യർ 13:10) എന്ന പൗലോസ് പറയുന്നു.

പിന്നെ എന്തിനാണ് അവരെ ശിക്ഷിക്കുന്നതിനു സാത്താനെ വിളിച്ചത്? കാരണം ശിക്ഷയുടെ കാഠിന്യത്താൽ വലിയ അപമാനം ഉണ്ടാകാനാണ്. എങ്കിൽ പത്രോസ് അനന്യസിനെ ശിക്ഷിച്ചത് എന്തുകൊണ്ട്? കാരണം അവൻ പരിശുദ്ധാത്മാവിനെ പരീക്ഷിക്കുമ്പോഴും അവിശ്വാസിയായിരുന്നു. തങ്ങൾക്ക് രക്ഷപ്പെടാനാവില്ല എന്നും ശിക്ഷിക്കപ്പെടും ബോധ്യം അവിശ്വാസികൾക്കു നൽകുന്നതിനു വേണ്ടിയായിരുന്നു ഇത്. ഇതു മനസ്സിലായിട്ടും അവർ പിന്തിരിഞ്ഞ് സാത്താനു സ്വയം ഏൽപ്പിച്ചു. സ്വന്തം ശക്തി കൊണ്ടല്ല, മറിച്ച് ദൈവീക കരുതൽ കൊണ്ടാണ് അവർ നിലനിന്നത് എന്ന് ഇത് സൂചിപ്പിക്കുന്നു. അഹങ്കരിച്ചവരെ എല്ലാം സാത്താന്റെ പക്കൽ ഏൽപ്പിച്ചു. രാജാക്കന്മാർ സ്വന്തം കൈയാൽ തങ്ങളുടെ ശത്രുക്കളെ വധിക്കുന്നു. എന്നാൽ പ്രജകളെ ശിക്ഷയ്ക്കായി ആരാച്ചാരെ ഏൽപ്പിക്കുന്നു. അപ്പോസ്തോലന്മാരിൽ ഭരമേല്പിച്ചിരിക്കുന്ന അധികാരം വ്യക്തമാക്കുന്നതിനാണ് ഈ പ്രവർത്തികൾ ചെയ്തത്. സാത്താനെ പോലും തങ്ങളുടെ ആജ്ഞാനുവർത്തികളാക്കാൻ കഴിയുന്നത് ചെറിയ കാര്യമല്ല. തന്റെ ഹിതത്തിനു വിരുദ്ധമായി സാത്താൻ അവരെ അനുസരിക്കുകയും സേവിക്കുകയും ചെയ്തു. ഇത് കൃപയുടെ ശക്തിയുടെ തെളിവാണ്.

എങ്ങനെയാണ് അവരെ ഏൽപ്പിച്ചതെന്ന് നോക്കുക. 'നിങ്ങളും എന്റെ ആത്മാവും നമ്മുടെ കർത്താവായ യേശുവിന്റെ ശക്തിയോടെ ഒന്നിച്ചു കൂടിയിട്ടു നമ്മുടെ കർത്താവായ യേശുവിന്റെ നാമത്തിൽ അവനെ സാത്താന് ഏൽപ്പിച്ചു' (1 കൊരിന്ത്യർ 5:4). ഉടനെ അവനെ സഭാ സമൂഹത്തിൽ നിന്നും പുറത്താക്കി, ആട്ടിൻ കൂട്ടത്തിൽ നിന്നും വേർപെടുത്തി. അങ്ങനെ അവൻ ഉപേക്ഷിക്കപ്പെട്ടവനും അനാഥനുമായി. അവനെ ചെന്നായ്ക്കളെ ഏൽപ്പിച്ചു. എബ്രായരുടെ പാളയത്തെ മേഘം പ്രതിനിധാനം ചെയ്യുന്നതുപോലെ സഭയെ പരിശുദ്ധാത്മാവ് പ്രതിനിധാനം ചെയ്യുന്നു. ആർക്കെങ്കിലും പരിശുദ്ധാത്മാവ് ഇല്ലെങ്കിൽ അവൻ നശിക്കും. അപ്പോസ്തോലന്മാരുടെ വിധിയാൽ അവൻ അതിർത്തിക്കു പുറത്താകും. അപ്രകാരമാണ് നമ്മുടെ കർത്താവ് യൂദായെയും സാത്താനെ ഏൽപ്പിച്ചത്. 'ഖണ്ഡം വാങ്ങിയ ഉടനെ സാത്താൻ അവനിൽ കടന്നു' (യോഹന്നാൻ 13:27). അവർ തിരുത്തുവാൻ ആഗ്രഹിച്ചവരെ അവർ തന്നെ ശിക്ഷിച്ചില്ല. മറിച്ച് അവരെ തിരുത്തുവാൻ ശ്രമിക്കാത്തവരുടെ കയ്യിൽ ശിക്ഷിക്കായി ഏൽപ്പിച്ചു. മറ്റുള്ളവരുടെ കയ്യിൽ ശിക്ഷക്കായി ഏൽപ്പിക്കുവാൻ അവർ അല്ലെങ്കിൽ ഭയപ്പെട്ടിരുന്നു. ഇയ്യോബും സാത്താന്റെ കയ്യിൽ ഏൽപ്പിക്കപ്പെട്ടിരുന്നു. എന്നാൽ അത് അവൻറെ പാപങ്ങൾ കാരണമായിരുന്നില്ല, മറിച്ച് അവൻറെ മൂല്യം തെളിയിക്കുന്നതിനായിരുന്നു.

ഇന്നും ഇത്തരത്തിലുള്ള അനവധി സംഭവങ്ങൾ നടക്കുന്നു. ആരാണ് പാപികൾ എന്നും വിശുദ്ധ രഹസ്യങ്ങളിൽ പങ്കെടുക്കുവാൻ അയോഗ്യർ ആരെന്നും പുരോഹിതർക്ക് അറിയാനാവില്ല. അതിനാൽ ദൈവം ഈ വിധത്തിൽ അവരെ സാത്താനെ ഏൽപ്പിക്കുന്നു. രോഗങ്ങളും അക്രമണങ്ങളും വിഷമവും ദുരന്തങ്ങളും സമാനമായവയും ഈ കാരണത്താലാണ് അവർക്കു സംഭവിക്കുന്നത്. ഇത് പൗലോസ് ശ്ലീഹാ പറഞ്ഞിട്ടുണ്ട്. 'ഇതു ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു; അനേകരും നിദ്രകൊള്ളുന്നു' (1 കൊരിന്ത്യർ 11:30). വർഷത്തിലൊരിക്കൽ മാത്രം വിശുദ്ധ രഹസ്യങ്ങളിൽ നാം സംബന്ധിക്കുമ്പോൾ ഇതെങ്ങനെ സംഭവിക്കുന്നു എന്ന് ചോദിക്കുന്നു? മനസ്സിന്റെ വിശുദ്ധിയേക്കാൾ സമയത്തിന്റെ ഇടവേളയെ പരിഗണിച്ചാണ് നിങ്ങൾ വിശുദ്ധ രഹസ്യങ്ങളിൽ സംബന്ധിക്കുന്നതിന്റെ യോഗ്യത നിർണ്ണയിക്കുന്നതെങ്കിൽ അത് പാപമാണ്. പതിവായി വിശുദ്ധ കുർബാന സ്വീകരിക്കുന്നതു ആവശ്യമില്ലെന്ന് നിങ്ങൾ കരുതുന്നു. ഒരിക്കൽ മാത്രമാണെങ്കിലും അത് അയോഗ്യമായി സ്വീകരിക്കുകയാണ് എന്ന് ചിന്തിക്കാതെ നിങ്ങൾ മുന്നോട്ടു പോകുന്നു. പതിവായി സ്വീകരിക്കുന്നത് സാഹസമല്ല. ജീവിതത്തിൽ ഒരിക്കൽ ആണെങ്കിൽ പോലും അയോഗ്യമായി സ്വീകരിക്കുന്നതാണ് മോശം.

ഒരു വർഷത്തിൽ അനവധി തെറ്റുകൾ ചെയ്യുന്നുവെങ്കിലും പാപമോചനം നേടുവാൻ നിങ്ങൾ താൽപര്യം കാണിക്കാത്തതിനാൽ നിങ്ങൾ വിഡ്ഢികളാണ്. എന്നാൽ പതിവായി ക്രിസ്തുവിന്റെ ശരീരത്തെ ധൈര്യപൂർവ്വം അവഹേളിക്കുന്നില്ല എന്ന് പറഞ്ഞ് നിങ്ങൾ സ്വയം തൃപ്തരാകുന്നു. ക്രിസ്തുവിനെ ക്രൂശിച്ചവർ ഒരിക്കൽ മാത്രമാണ് അവനെ ക്രൂശിച്ചത് എന്ന് നിങ്ങൾ ഓർക്കുന്നില്ല. ഒരിക്കൽ മാത്രം ചെയ്തു എന്നതുകൊണ്ട് കുറ്റം ലഘൂകരിക്കാൻ കഴിയുമോ? യൂദാ ഒരുതവണ മാത്രമാണ് തന്റെ ഗുരുവിനെ ഒറ്റി കൊടുത്തത്. അതുകൊണ്ട് ശിക്ഷയിൽ നിന്നും അവൻ ഒഴിവായോ? ഈ വിഷയം നാം ഇപ്പോൾ പരിഗണിക്കേണ്ടത് എന്തുകൊണ്ട്? നമ്മുടെ മനസാക്ഷി ശുദ്ധമായിരിക്കുന്നതിനാൽ ഈ സമയത്ത് ഈ വിഷയം നമുക്കു ചിന്തിക്കാം. ഇപ്പോൾ ആഘോഷിക്കുന്നതിനേക്കാൾ പ്രയോജനം ഉയിർപ്പിന്റെ രഹസ്യത്തിനു പിന്നീട് ലഭിക്കുകയില്ല. അത് ഒന്നുതന്നെയാണ്. ഒരേ പെസഹാ ആയിരിക്കുന്നതിനാൽ പരിശുദ്ധാത്മാവിന്റെ കൃപയും അതുതന്നെയാണ്. പ്രകാശനം ലഭിച്ച നിങ്ങൾക്ക് ഇത് മനസ്സിലാകും.

വെള്ളിയാഴ്ചയും ശനിയാഴ്ചയും കർതൃദിവസവും രക്തസാക്ഷികളുടെ ഓർമ്മ ദിനത്തിലും ഒരേ ബലി തന്നെയാണ് അർപ്പിക്കപ്പെടുന്നത്. 'അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു' (1 കൊരിന്ത്യർ 11:26) എന്നാണ് പൗലോസ് പറഞ്ഞത്. ഈ ബലി അർപ്പിക്കുന്നതിനു പ്രത്യേക സമയം നിശ്ചയിച്ചിട്ടില്ല. പിന്നെ എന്തുകൊണ്ടാണ് ഇതിനെ പീഡാസഹനത്തിന്റെ പെരുന്നാളായി വിശേഷിപ്പിക്കുന്നത്? കാരണം ക്രിസ്തു നമുക്കായി പീഡാസഹനം അന്ന് ഏറ്റെടുത്തു. സമയം നിങ്ങളുടെ സമീപനത്തിൽ മാറ്റം ഉണ്ടാക്കാതിരിക്കട്ടെ. ഒരേ ശക്തിയും മാന്യതയും കൃപയും ഒരു ശരീരവുമാണ് എപ്പോഴുമുള്ളത്. ഒരു അർപ്പണം മറ്റൊന്നിനേക്കാൾ ശ്രേഷ്ഠമോ കുറവുള്ളതോ അല്ല. ഭൗതികമായ മൂടുപടങ്ങളും വിശ്വാസികളുടെ പ്രാതിനിധ്യവും മൂലം എന്തെങ്കിലും പുതുമ ഉണ്ടാകുന്നുമില്ല. ക്രിസ്തുവിൻറെ ബലിയോടെ നമ്മുടെ രക്ഷയുടെ ദിവസം സമാരംഭിച്ചു എന്നുള്ളതാണ് ഈ ദിവസങ്ങൾക്കു പ്രത്യേകതയായി ഉള്ളത്. ഈ രഹസ്യങ്ങളെ സംബന്ധിച്ച് ആ ദിവസങ്ങൾക്ക് വലിയ പ്രാധാന്യവും ഇല്ല.

നിങ്ങൾ സാധാരണയായി ഭക്ഷണം കഴിക്കുന്നതിനു മുമ്പ് കൈകളും വായയും കഴുകുന്നു. എന്നാൽ ആത്മീക ഭക്ഷണത്തെ സമീപിക്കുമ്പോൾ, അശുദ്ധിയാൽ നിറഞ്ഞവരായ നിങ്ങൾ ആത്മാവിനെ വിശുദ്ധീകരിക്കുവാൻ താല്പര്യം കാണിക്കുന്നില്ല. 40 ദിവസത്തെ ഉപവാസം നമ്മുടെ പാപത്തിന്റെ വലിയ കൂമ്പാരം ഇല്ലാതാക്കാൻ പര്യാപ്തമല്ലേ എന്ന് നിങ്ങൾ ചോദിക്കുന്നു. അതുകൊണ്ട് എന്തു പ്രയോജനം എന്ന് നിങ്ങൾ പറയൂ? വിലയേറിയ തൈലം സംഭരിക്കുന്ന ഇടം ആദ്യം വൃത്തിയാക്കും. അല്പം മാലിന്യം അതിൽ ഇട്ടാൽ തൈലത്തിന്റെ സുഗന്ധം നഷ്ടമാകും. ഇതുതന്നെയാണ് നമ്മിലും സംഭവിക്കുന്നത്. നമ്മുടെ പ്രാപ്തിയുടെ പരമാവധി മികവിൽ വിശുദ്ധ രഹസ്യങ്ങളെ സമീപിക്കുവാൻ നാം ശ്രമിക്കുന്നു. എന്നിട്ടും നാം നമ്മെ തന്നെ കളങ്കിതരാക്കുന്നു. അതിനാൽ എന്തു പ്രയോജനം? 40 ദിവസങ്ങൾ കൊണ്ട് സ്വയം കഴുകി വിശുദ്ധിയുള്ളവരാകാൻ കഴിയുന്നവരോടു പോലുമാണ് ഞങ്ങൾ ഇത് പറയുന്നത്.

നമ്മുടെ പ്രയത്നങ്ങൾ വ്യർത്ഥമാകാതിരിക്കാൻ നമ്മുടെ രക്ഷയെ തുച്ഛീകരിക്കരുത് എന്ന് ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു. പാപത്തിൽ നിന്നും പിന്മാറിയിട്ടും വീണ്ടും അതിലേക്കു തിരിയുന്നവർ 'ഛർദ്ദിച്ചതിലേക്ക് തിരിയുന്ന നായയെ' പോലെയാണ് (സദൃശ്യ. 26:11). നാം നിയോഗ്യതരായിരിക്കുന്നതു പോലെ പ്രവർത്തിക്കുകയും നമ്മുടെ വഴികൾ ശ്രദ്ധിക്കുകയും ചെയ്യുമ്പോൾ ശ്രേഷ്ഠമായ പ്രതിഫലങ്ങൾക്കു നാം യോഗ്യരായി പരിഗണിക്കപ്പെടും. അത് നമുക്കെല്ലാവർക്കും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയാലും ദയയാലും പിതാവാം ദൈവം ലഭിക്കുമാറാകട്ടെ.

◆

"ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ."

**– പ. പരുമല തിരുമേനി**



# ഓർമയിൽ ഗുരുനാഥൻ

## അനി സജി

ഓരോ കൂടിക്കാഴ്ചയും ഓരോ ലക്ഷ്യം മുൻകൂട്ടി കണ്ടുകൊണ്ടായിരുന്നു ചെറിയാൻ അച്ചന്റെ പ്രവർത്തനങ്ങൾ. തൊണ്ണൂറുകളിൽ, കർണാകയിലെ ദവൻ ഗരെ എന്ന സ്ഥലത്തും അച്ചൻ വലിയ പ്രതീക്ഷയോടെ ആണ് എത്തിയത്. അവിടെ എഞ്ചിനീയറിംഗ്, ഡെന്റൽ, നഴ്സിംഗ്, മെഡിക്കൽ കോളജുകൾ ഉണ്ടെങ്കിലും, അവിടെ പള്ളിയിൽ കുട്ടികൾ വരുക വളരെ കുറവായിരുന്നു. അഡ്രസ് ഒക്കെ ശേഖരിച്ചു അച്ചൻ വന്നാലും കുട്ടികൾ മുമ്പിൽ പെടാതെ രക്ഷപെടുക പതിവായിരുന്നു. എങ്കിലും കിട്ടിയ കുട്ടികളെ ചേർത്ത് വയ്ക്കുവാനും അവരെ പിന്നീട്, ചില പദ്ധതികളിൽ ഉപയോഗപ്പെടുത്തുവാനും സാധിച്ചത് അദ്ദേഹത്തിന്റെ ദീർഘ വീക്ഷണം ഒന്ന് മാത്രമാണ്. ഞങ്ങളുടെ കൂടെ ആയിരുന്നു അന്ന് അച്ചന്റെ അവിടുത്തെ താമസം. അതിനും ഒരു വലിയ ഉദ്ദേശം ഉണ്ടായിരുന്നു. ഞങ്ങളെ

M. S പഠന ശേഷം തടാകത്തിലേക്ക് കൊണ്ടു പോവുക എന്നതായിരുന്നു അത്. പക്ഷെ അവിടെ പോയി ജോലി നോക്കുക ഞങ്ങൾക്കു സാധ്യമായിരുന്നില്ല. പഠന ശേഷം സർക്കാർ സെർവിസിൽ ഞങ്ങൾ ചേർന്നു. അച്ചൻ പിന്നീട് തിരുമേനി ആയി. അന്നിട്ടും തടാകം വിഷയം എന്നും നേർകാഴ്ച്ചയിൽ സംസാര വിഷയം ആയി നിലകൊണ്ടു. ജീവിതം മാറിമറിഞ്ഞ സംഭവങ്ങൾ ഞങ്ങളുടെയും തിരുമേനിയുടെയും ജീവിതത്തിൽ ഒരേ വർഷം ഒരേ സമയം ഉണ്ടായി.. ഇനിയും ഒരു കൂടിക്കാഴ്ച ഉണ്ടാകുമോ എന്ന് പോലും ചിന്തിച്ചു. പക്ഷെ കൂടുതൽ കരുത്തോടെ ആയിരുന്നു അവിടുന്ന് അങ്ങോട്ടുള്ള യാത്രകൾ.. ഗുരുനാഥനായി 'സ്നേഹകരങ്ങൾ' എന്ന ഒരു പദ്ധതി ഞങ്ങൾ തയ്യാറാക്കി.. 26 മെഡിക്കൽ ക്യാമ്പസ് അദ്ദേഹത്തിനായി ഞങ്ങൾക്ക് നടത്തുവാൻ സാധിച്ചു. ഏഴ് കൊല്ലം മുൻപ് ഒക്ടോബർ 18 ഒരിക്കലും മറക്കുവാൻ സാധിക്കില്ല. അദ്ദേഹം, ഞാൻ കാണുന്ന എന്റെ ആദ്യത്തെ പാലിയേറ്റീവ് കെയർ രോഗി ആയി മാറി. സംസാരം മുറിയുമ്പോഴും തടാകത്തിൽ ഒരു പാലിയേറ്റീവ് കെയർ യൂണിറ്റ് തുടങ്ങണം എന്നതായിരുന്നു അവസാനമായി ഞങ്ങളോട് ആവശ്യപ്പെട്ടത്. അദ്ദേഹം അത്ര മാത്രം സ്നേഹിച്ചിരുന്നു വാൾഷ് പിതാവിനെയും അദ്ദേഹം തുടങ്ങിയ ശരണാലയത്തെയും. അതിനുള്ള ശക്തി ഞങ്ങൾ ക്കില്ല എന്ന് ഉറപ്പുള്ളതിനാൽ, ആദ്യം വിമുഖത അറിയിച്ചു എങ്കിലും 'ഞാൻ ഇല്ലേ അവിടെ കൂട്ടിനു' എന്ന വാക്ക് പിന്നീട് ഞങ്ങൾക്ക് അത് നിരസിക്കുവാൻ സാധിച്ചില്ല.. ഊണും ഉറക്കവുമില്ലാതെ ഉള്ള പ്രവർത്തനം അത് ശക്തിമത്തായ കരങ്ങളിലേക്ക് ഏല്പിക്കുവാൻ ഞങ്ങൾക്ക് സാധിച്ചു.. ഒത്തിരി പേർക്ക് ആശ്വാസമായി, യുവ ഡോക്ടർമാരെ സേവന മേഖലയിലേക്ക് അടുപ്പിക്കുന്ന ഒരു പ്ലാറ്റ്ഫോം ആയി, തിരുമേനി ആഗ്രഹിച്ചപ്രകാരം അത് ഇപ്പോൾ നിലകൊള്ളുന്നു എന്നത് അഭിമാനർഹമായ കാര്യം ആണ്.. പിതാക്കന്മാർ കബറടങ്ങിയ ആ പുണ്യ ഭൂമി എന്നും അശരണർക്ക് ശരണാലയമായി നിലകൊള്ളട്ടേ. അങ്ങ് അവിടെ ഉണ്ടല്ലോ.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

മഹത് വ്യക്തിത്വം

# ശെമ്മാശ പദവിയിൽ ഏഴര പതിറ്റാണ്ട്: റവ. ഡോ. ഡീക്കൻ കെ. എ. ജോർജ്ജ്

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

ഇടയ ശുശ്രൂഷയിൽ ഏഴര പതിറ്റാണ്ടിന്റെ പുണ്യമാണ് കണ്ടനാട്, കല്ലറയ്ക്കൽ ഡോ. കെ. എ. ജോർജ്ജ് ശെമ്മാശൻ. പട്ടത്വ പദവിയിലെ പ്രഥമ സ്ഥാനമായ മ്സമ്രോനോ പട്ടം 1950-ൽ ലഭിക്കുമ്പോൾ വയസ്സ് 16 മാത്രം. തുടർന്ന് വേദശാസ്ത്രത്തിലും ബൈബിൾ പഠനത്തിലും വിവിധ രാജ്യങ്ങളിൽ പഠിച്ച് ഉന്നത ബിരുദങ്ങൾ നേടിയപ്പോഴും കോട്ടയം ഓർത്തഡോക്സ് സെമിനാരിയിലെ പ്രൊഫസറായി സേവനം അനുഷ്ഠിച്ചപ്പോഴും ശെമ്മാശ പദവയിൽ തുടർന്നു. ഇപ്പോൾ ശെമ്മാശ പദവിയിൽ 74 വർഷം പൂർത്തിയാക്കി.

സെമിനാരിയിൽ അര നൂറ്റാണ്ട് പഴയനിയമം പഠിപ്പിച്ച ഡോ. കെ. എ. ജോർജ്ജ് ശെമ്മാശന് പ. കാതോലിക്കാബാവാമാരും, മെത്രാപ്പോലീത്താമാരും ഉൾക്കൊള്ളുന്ന വലിയ ശിഷ്യസമ്പത്തിന്റെ അപൂർവ്വ ഭാഗ്യമാണ് ലഭ്യമായത്.

പ്രശസ്ത വേദപുസ്തക പണ്ഡിതനും ഭാഷാ ശാസ്ത്രജ്ഞനും കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി പഴയനിയമ വിഭാഗത്തിന്റെ മുൻ അദ്ധ്യക്ഷനുമാണ് (1965–2015) കെ. എ. ജോർജ്ജ് ശെമ്മാശൻ. *ശെമ്മാശ പദവിയിൽ* 74 വർഷത്തെ പൈതൃകം ഉൾക്കൊള്ളുന്ന അദ്ദേഹത്തിന് ഇപ്പോൾ തൊണ്ണൂറു വയസ്സിന്റെ നിറവിലായി.

എറണാകുളം ജില്ലയിലെ കണ്ടനാട് സെന്റ് മേരീസ് ഇടവകയിൽ കല്ലറയ്ക്കൽ വർക്കി എബ്രഹാമിന്റെയും അന്നമ്മ എബ്രഹാമിന്റെയും മകനായി 1934 ജൂലൈ 5-ന് ജനിച്ചു.

സുറിയാനി പണ്ഡിതനും മല്പാനുമായ പിതാവ് കമാൻണ്ടർ കെ. വി. ഏബ്രഹാമിൽ (തോമാട്ടയിൽ ആശാൻ) നിന്ന് സുറിയാനി ഭാഷയുടെയും ആരാധനാ ജീവിതത്തിന്റെയും ആദ്യപാഠങ്ങളും പലത്തുള്ളിൽ എബ്രഹാം കോർഎപ്പിസ്കോപ്പായിൽ നിന്നും ഞാർത്താങ്കൽ കോരുതു മല്പാനിൽ നിന്നും സുറിയാനി ഭാഷ, കാനോൻ, ധർമ്മശാസ്ത്രം എന്നിവയും അഭ്യസിച്ചു. മുളന്തുരുത്തി ഹൈസ്കൂളിൽ നിന്നും പത്താംക്ലാസ്സ് ഫസ്റ്റ് ക്ലാസ്സിൽ പാസ്സായി (1947–50). ആലുവ തൃക്കുന്നത്തു സെമിനാരിയിൽ വെച്ച് 1950 ജൂൺ 24-ന് പൗലോസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ 16-ാം വയസ്സിൽ ശെമ്മാശ്ശാക്കി (മ്സമ്രോനോ). കണ്ടനാട് സെന്റ് മേരീസ് പള്ളിയിൽ വെച്ച് പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത 1953 ആഗസ്റ്റ് 15-ന് കോറൂയോ പട്ടം നൽകി. കോട്ടയം മണർകാട് സെന്റ് മേരീസ് പള്ളിയിൽ വെച്ച് പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത 1957 സെപ്റ്റംബർ 7-ന് യൗപ്പദ്യഖ്നോ പട്ടവും നൽകി.

എറണാകുളം മഹാരാജാസ് കോളജിൽ നിന്നും ബി.എസ്.സി. യും (1952–56) ബാംഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ കോളജിൽ നിന്നും ബി.ഡി. യും (1957–60) പഴയനിയമ ദൈവശാസ്ത്രത്തിൽ വിശ്വപ്രസിദ്ധരായ ഡോ. എൻ. എച്ച്. സ്നെയിത്ത്, ഡോ. എം. എച്ച്. ഹാരിസ്സൺ, ഡോ. വി. സി. സാമുവൽ, ഡോ. ഇ. സി. ജോൺ എന്നിവരുടെ ശിക്ഷണത്തിൽ പഠിച്ച് എം.ടി.എച്ചും (1963–65) കരസ്ഥമാക്കി. വെസ്റ്റ് ജർമ്മനിയിലെ ഹാംബർഗ് സർവ്വകലാശാലയിൽ ഗവേഷണം നടത്തി (1968–73) ഡോക്ടറേറ്റ് കരസ്ഥമാക്കി. യറുശലേമിലെ താണ്ടൂർ എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ബൈബിൾ പുരാവസ്തുക്കളെക്കുറിച്ച് ഗവേഷണ പഠനം നടത്തി (2000).

ജർമ്മനിയിലെ ഹാംബർഗിൽ വച്ച് ചെങ്ങന്നൂർ പുത്തൻകാവ് പൊയ്കയിൽ പി. ജി. ഈപ്പന്റെയും ശോശാമ്മ ഈപ്പന്റെയും മകൾ ഡോ. മേരി ജോർജിനെ 1971 ഫെബ്രുവരി 14-ന് വിവാഹം കഴിച്ചു. ആസ്സാമിലെ ജോഹാർട്ട് ഈസ്റ്റേൺ തിയോളജിക്കൽ കോളേജിൽ പഴയനിയമ വിഭാഗത്തിൽ അദ്ധ്യാപകനായി (1960–63). കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ 1965 മുതൽ പഴയനിയമ വിഭാഗം പ്രൊഫസ്സറായി. വേദശാസ്ത്ര ഗവേഷണ കേന്ദ്രമായ FFRRC യിൽ പ്രൊഫസ്സർ, സെറാമ്പൂർ സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മറ്റി അംഗം, ബിരുദാനന്തര വിഭാഗം ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, കോട്ടയം മഹാത്മാഗാന്ധി സർവ്വകലാശാല സുറിയാനി പഠനത്തിന്റെ ഡോക്ടറൽ സ്റ്റഡീസ് ചെയർമാൻ, ഓർത്തഡോക്സ് സെമിനാരി ലൈബ്രേറിയൻ, വാർഡൻ, രജിസ്ട്രാർ (1965–68), സെന്റ് എഫ്രേം എക്യുമെനിക്കൽ റിസേർച്ച് ഫോർ സിറിയക് സ്റ്റഡീസ് (SEERI) എക്സിക്യൂട്ടീവ് മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ചു.



കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ 1965 മുതൽ പ്രൊഫസറായി പ്രവർത്തിച്ച അദ്ദേഹം 2015 മാർച്ച് 4-ന് സെമിനാരിയിൽ നിന്നും വിരമിച്ചു.



റവ. ഡോ. കെ. എ. ജോർജ് ശെമ്മാശനെ സെമിനാരി അദ്ധ്യാപകർ സന്ദർശിച്ചപ്പോൾ. സഹധർമ്മിണി ഡോ. മേരി ജോർജ് സമീപം (ഫയൽ ചിത്രം)

വചനതീർത്ഥം

# സ്ലീബാ പെരുന്നാളിന് ശേഷം ഏഴാം ഞായർ

## (വി മത്തായി 5:21–26)



## ഫാ. ജെറിൻ ജോൺ അടൂർ

പരിശുദ്ധ സഭയുടെ ആരാധനാ വർഷത്തിന്റെ അവസാനത്തിലേക്ക് കടന്നു വന്നിരിക്കുകയാണ്. ദൈവസ്നേഹത്തെയും മനുഷ്യസ്നേഹത്തെയും പ്രത്യേക സഹോദരനെ സ്നേഹിക്കുന്നതിനെയും പറ്റി രേഖപ്പെടുത്തിയിരിക്കുന്ന വേദഭാഗമാണ് ഇന്നത്തെ ചിന്താവിഷയം.

ദൈവം നമ്മെ ആദ്യം സ്നേഹിച്ചു എന്നതിനാലാണ് നാം ദൈവത്തെ സ്നേഹിക്കുന്നത്. സ്നേഹത്തിൻറെ ഉത്ഭവം അവനിൽ നിന്നാണ്. ഞാൻ സ്നേഹിക്കാൻ ആരംഭിക്കുന്നത് അല്ലെങ്കിൽ എനിക്ക് സ്നേഹിക്കാൻ സാധിക്കുന്നതിന് കാരണം ദൈവം നമ്മെ ആദ്യം സ്നേഹിച്ചു എന്നതാണ്. ദൈവം നമ്മെ സ്നേഹിച്ചില്ലെങ്കിൽ നമുക്ക് തീർച്ചയായും സ്നേഹിക്കാൻ കഴിയില്ല. ജനിച്ച് കുറച്ചു ദിവസം മാത്രം പ്രായമുള്ള ഒരു നവജാത ശിശുവിന് സംസാരിക്കുവാൻ കഴിയുമെങ്കിൽ അത് തീർച്ചയായും ഞാൻ മാതാപിതാക്കളാൽ സ്നേഹിക്കപ്പെടുന്നു എന്ന് തോന്നുന്നു എന്ന യാഥാർത്ഥ്യം വിശദീകരിക്കും. നമ്മെ അവൻ ആദ്യം സ്നേഹിച്ചു. നമ്മിലെ സ്നേഹം ജനിക്കുന്നതും വളരുന്നതും ഇത് മൂലമാണ് സ്നേഹത്തിന്റെ വ്യക്തമായ നിർവ്വചനം. നമുക്ക് ദൈവത്തെ സ്നേഹിക്കാൻ കഴിയും കാരണം ദൈവം നമ്മെ ആദ്യം സ്നേഹിച്ചു.

### ദൈവത്തെ സ്നേഹിക്കുന്നു എന്ന് പറയുകയും എന്നാൽ സഹോദരനെ വെറുക്കുകയും ചെയ്യുന്നവൻ മൂഢൻ

ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന് പറയുകയും സഹോദരനെ വെറുക്കുകയും ചെയുന്നവൻ മൂഢനാണ് .'വിവരമില്ലാത്തവൻ എന്നോ, തെറ്റു പറ്റിയവൻ എന്നോ അല്ല മൂഢൻ എന്നാണ് അപ്പോസ്തലൻ വിളിക്കുന്നത്. നമ്മളും ഇതിൽ നിന്നും പഠിക്കണം: ഞാൻ ദൈവത്തെ സ്നേഹിക്കുന്നു, പ്രാർത്ഥിക്കുന്നു, ആത്മീയ നിർവൃതിയിൽ എത്തുന്നു... പിന്നെ അപരനെ തള്ളിക്കളയുന്നു, വെറുക്കുന്നു, സ്നേഹിക്കുന്നില്ല, അല്ലെങ്കിൽ വെറുതെ അവരോടു നിസ്സംഗത പുലർത്തുന്നു. സുവിശേഷകൻ പറയുന്നില്ല ' നിനക്ക് തെറ്റിപ്പോയി' എന്നാണ് പറയുന്നത്. ബൈബിളിലെ ഈ പദം സ്പഷ്ടമാണ്, കാരണം മൂഢൻ ആകുക എന്നാൽ സാത്താനെ പോലെ ആയിരിക്കുക എന്നാണ്. പുതിയ നിയമം നമ്മോടു പറയുന്നു, അവൻ വഞ്ചനയുടെ പിതാവാണ് എന്ന്.ഇതാണ് ബൈബിൾ സാത്താൻറെ നിർവചനം. ദൈവത്തെ സ്നേഹിക്കുന്നു എന്ന് പറയുകയും സഹോദരനെ വെറുക്കുകയും ചെയ്താൽ നീ മറുവശത്താണ്.. ഇതിനു സൗജന്യങ്ങളില്ല. അവർ വ്യക്തികൾ എന്നെ വേദനിപ്പിക്കുന്നു അല്ലെങ്കിൽ അവർ വിവരമില്ലാത്തവരും, എന്നോടു പരുക്കൻ രീതി കാണിക്കുന്നവരുമായതുകൊണ്ട് എനിക്ക് അവരെ സ്നേഹിക്കാൻ കഴിയുകയില്ല എന്ന് പറഞ്ഞ് അനേകർക്ക് സ്നേഹിക്കാതിരിക്കാൻ ന്യായീകരണങ്ങൾ കണ്ടെത്തുവാൻ സാധിക്കും. എന്നാൽ സ്നേഹത്തിന്റെ യഥാർത്ഥത്തെ കുറിച്ച് വിശുദ്ധ യോഹന്നാൻ പറയുന്നത് സഹോദരനെ സ്നേഹിക്കാൻ കഴിയാത്തവന് ദൈവത്തെ സ്നേഹിക്കാനും, അവിടുത്തെ ദർശിക്കുവാനും കഴിയില്ലെന്നാണ്. സഹോദരങ്ങളെ സ്നേഹിക്കാൻ കഴിയുന്നില്ലെങ്കിൽ നാം വിദൂരത്തിലാണ് ജീവിക്കുന്നത് നാം ദൈവത്തെ സ്നേഹിക്കുന്നു എന്ന് നമുക്ക് പറയാൻ കഴിയില്ല.

### സ്നേഹം ദൃഢവും ദൈനംദിനവുമുള്ളതാണ്

വിദ്വേഷം മാത്രമല്ല മറ്റുള്ളവരുടെ കാര്യങ്ങളിൽ ഇടപെടരുതെന്ന ചിന്തയും തിന്മയാണ് കാരണം സ്നേഹം നന്മ പ്രവർത്തികളിലൂടെയാണ് വെളിപ്പെടുത്തപ്പെടുന്നത്. ഞാൻ നന്നായി ശുദ്ധനായിരിക്കാൻ തിളപ്പിച്ച് ശുദ്ധീകരിച്ച ജലം മാത്രമേ പാനം ചെയ്യൂ എന്ന് പറയുന്ന വ്യക്തി തീർച്ചയായും മരിക്കും. കാരണം അത് ജീവിതത്തിന് ഉപയോഗപ്രദമല്ല. യഥാർത്ഥ സ്നേഹം തിളപ്പിച്ച് ശുദ്ധീകരിച്ച ജലമല്ല. അനുദിന ജലമാണ്. അതിൽ പ്രശ്നങ്ങളുണ്ടാകും, വാത്സല്യവും, സ്നേഹവും, വെറുപ്പും ഉണ്ടാകാം. യാഥാർത്ഥ്യങ്ങളെ സ്നേഹിക്കുക. സ്നേഹം മൂർത്തമായതാണ്.

ഇത് പരീക്ഷണശാലയിലെ സ്നേഹമല്ല. വ്യക്തമായ നിർവിവചനത്തിലൂടെ വിശുദ്ധ യോഹന്നാൻ ഇതാണ് നമ്മെ പഠിപ്പിക്കുന്നത്. ദൈവത്തെയും സഹോദരനെയും സ്നേഹിക്കാതിരിക്കാനുള്ള മറ്റൊരു മാർഗ്ഗമാണ് നിസ്സംഗത. ഞാൻ മറ്റുള്ളവരുടെ പ്രശ്നങ്ങളിൽ ഇടപെടാൻ ആഗ്രഹിക്കുന്നില്ല എന്ന് കരുതുതാൻ നമ്മെ പ്രേരിപ്പിക്കുന്നു. എന്നാൽ നാം അവരെ സഹായിക്കണം, പ്രാർത്ഥിക്കണം.

### വിശ്വാസത്തിന്റെ പാതയിലൂടെ ലോകത്തെ കീഴടക്കാം

ഇത് എളുപ്പമല്ല പക്ഷേ വിശ്വാസത്തിന്റെ പാതയിലൂടെ ലോകത്തെ ജയിക്കാൻ സാധ്യതയുണ്ട്. ലോകത്തിൻറെ മാനസികാവസ്ഥ നമ്മെ സ്നേഹിക്കുന്നതിൽ നിന്നും തടയുന്നു. എന്നാൽ ഇതാണ് വഴി. ഇവിടെ നിസ്സംഗതയുള്ളവരും, മറ്റുള്ളവരുടെ പ്രശ്നങ്ങളിൽ ഇടപെടാതെ സ്വന്തം കൈകഴുകി മാറിനിൽക്കുന്നവരും, നന്മ ചെയ്യാൻ ശ്രമിക്കാത്തവരും, വ്യാജയോഗികളും, തിളപ്പിച്ച് ശുദ്ധീകരിച്ച ജലം പോലെ ഹൃദയം സൂക്ഷിക്കുന്നവരും, ദൈവത്തെ സ്നേഹിക്കുന്നെന്ന് പറയുകയും അയൽക്കാരനെ സ്നേഹിക്കാതിരിക്കുന്നവനും പ്രവേശിക്കുന്നില്ല. കർത്താവ് നമ്മെ ഈ സത്യം പഠിപ്പിക്കട്ടെ: ദൈവം ആദ്യം നമ്മെ സ്നേഹിച്ചു എന്നതിൻറെ ഉറപ്പും, സഹോദരങ്ങളെ സ്നേഹിക്കുവാനുള്ള ധൈര്യവും.



**കോയമ്പത്തൂർ കർപ്പഗം യൂണിവേഴ്സിറ്റിയിൽ നിന്ന് കമ്പ്യൂട്ടർ സയൻസിൽ ഡോക്ടറേറ്റ് നേടിയ വാകത്താനം ചീരംചിറ സെന്റ് മേരീസ് പള്ളി ഇടവകാംഗവും സണ്ടേസ ്കൂൾ അധ്യാപകനും സണ്ടേസ്കൂൾ വാകത്താനം ഡിസ്ട്രിക്ട് സെക്രട്ടറിയുമായ ജിജോ വറുഗീസ്. പാത്താമുട്ടം സെന്റ് ഗിറ്റ്സ് എൻജിനിയറിംഗ് കോളജിൽ അധ്യാപകനാണ്. മുണ്ടപ്ലാമൂട്ടിൽ എം. എസ്സ്. വറുഗീസിന്റെയും സൂസന്റെയും മകനാണ്. ഭാര്യ റിനു ജിജോ, പാത്താമുട്ടം സെന്റ് ഗിറ്റ്സ് കോളജിൽ അധ്യാപികയാണ്.**



**Inauguration of EVOKE '24 at Germany.**

Church Calendar

# LOVE, FORGIVENESS AND RECONCILIATION

## (SEVENTH SUNDAY AFTER FEAST OF HOLY CROSS, MATTHEW 05:21-28)



## Fr. Sajoie Samuel

'Life comes from the mind' is a popular philosophy that has enchanted various genres of human thinking. Long standing criticism leads to arthritis. Long held resentment is the onset of tumors and cancer. The fear of money shortage leads to lower back pain. High blood pressure has a long standing emotional problem to be blamed. Self criticism and fear are fleeting reasons for headaches. A stubborn ego and pride coupled with an inability to adjust is believed to cause knee pain. Nursing old hurts is the harbinger to tumor. Diabetes can be blamed for longing for what might have been. These are some examples to throw light upon.

The panacea to all these ailments are forgiveness. And that is the crux of this week's Evangelion portion. By being not angry with our kith and kin, we are practicing forgiveness. By being soft spoken to our relatives we are sowing seeds of love and care. By reconciling ourselves with our fellow beings we are ensuring we are worshipping our Lord in the true spirit. Let's look at the deeper interpretations of the Gospel portion.

### I. LOVE IS THE TRUE SACRIFICE GOD EXPECTS FROM US

Have you ever wondered why the church exchanges the kiss of peace before offering the eucharistic sacrifice in the Holy Qurbana? Nursing angry grudes with men blocks, open community with God and makes true worship impossible. This is why Adam and Eve were hiding from the presence of God when the Almighty came out to meet them (Gen 03:10). God doesn't want us to dilute our offerings, offered to Him by holding a grudge against our brethren. God Almighty disregards His own honor solely that we might love one another. Two clauses added in verses 23 and 24 mark the gravity of the situation. He said, "If thy brother have aught against thee", and added nothing more. Our brother might be right or wrong; our brother might have hurt us, still we have to reconcile with him. Secondly, Jesus did not say, "If thou has aught against him" but "If he hath aught against thee" hasten to reconcile with him.

Introspection is the key when we are in the presence of God. If Cain had introspected his feelings in God's presence, he would not have slain his own blood (Gen 04). At the same time, introspection helped the Tax Collector to gauge his spiritual decadence and offer his inner self to God (Luk 18:09). Isn't looking back to ones deeds, a unique feature that God has blessed humans with? It helps us to make amends in where we have faltered in God's presence. It is a double blessing for us as it helps us to not only mend our ways with God, but also with our near and dear ones. So in the Holy Qurbana, before we partake of the divine Body and Blood, God wants us to partake of our earthly relations in a healthy manner.

### II. BEING APOSTLES OF CHRIST, FOLLOW RIGHTEOUS ANGER AND KEEP VIOLENT WRATH AT BAY

Once somebody asked a joker, "Why do you wear a mask?". To this question the joker smiled and gave a simple but genuine answer: "Nowadays everyone wears masks. The only difference is, mine can be seen by all. Others camouflage it". Anger is one of the masks we either put on or conceal when we are in the presence of others. A masquerading demeanor is the order of the day in an age that is ruled by social media. Modern cameras have manipulated themselves to cater to human emotions. A flush of emotions make us regret what we do or speak. It makes us bestial and inhuman.

But is anger justified? If the situation warrants so, then yes. Ephesians 04:26 says " Be angry, but sin not, do not let the sun go down upon your wrath". When Jesus saw the temple being converted to a marketplace, He did not contain His anger, but made His intentions clear by driving them out and cleansing the temple (John 02:13-25). In another situation when someone (anonymous)slices the ear of the slave of the High Priest, during His Passion, Jesus admonishes him and heals the slave. We need to master our anger so that we can use it as per the situation. The church fathers instruct us to wage a war of anger against the evil one. With fasting and prayer we should retaliate against the evil that tries to destroye us. At the same time we need to be on the lookout for unrighteous anger that only pins us down in our spiritual journey.

One of the fundamental reasons for nursing anger towards others, is being not able to forgive them. We do have the liberty to call ourselves hypocrites if we fall in this category. Let us think deeply on this. We love ourselves even after doing thousands of mistakes. Many times we are not able to live up to our expectations and still we love ourselves. But the slightest error from our near and dear ones, makes us hate them. If we can be so loving towards ourselves, why can't we show the same love and consideration to others when they wrong us?


### III. RECONCILE WITH YOUR EARTHLY ADVERSARY NOW TO BE RECONCILED WITH YOUR HEAVENLY FATHER

Verses 25 and 26 bring forth the image of the final Judgment that we are wary of. Those who are unwilling to forgive their neighbour will be cast into the eternal prison by God and they will never come out from there until the demands of divine justice are fully satisfied even though to the smallest offence. Many of us would agree to the situation when we had the opportunity to deal with a situation but chose not to because of our pride and then it snow-balled and became big enough and complicated that we found ourselves and embroiled in it. Jesus exhorts us to avoid this and reconcile with the adversary even when we have time because we might find ourselves in gehana (Greek word for hell) with no way to escape.

Some believe the "adversary" to mean the devil and "the way" to mean our life. The Lord is thus exhorting us: while you are still in this life give back to the devil what belongs to him and be done with it so that later he will not be able to accuse you of the same sin. For then he will hand over us to be punished till we find ourselves at a dead end. We need to understand that this passage also refers to human adversities and that the Lord is exorting us not to get entangled in law suits lest we will be distracted from doing the works of God. Hence even if we have been wronged, we need to avoid court proceedings but settle the dispute while still on the way. Otherwise we might suffer something worse on account of the adversaries power.

NOTE: I would like to take this opportunity to thank God Almighty who made me worthy to share my Evangelion thoughts for the past one year in this esteemed publication. My heartfelt thanks to Metropolitan H. G. Dr. Yuhanon Mar Diascoros and Very Rev. Ramban Philipose for giving me an opportunity to spread the Word of God. Finally, a word of thanks to all my friends in Christ who encouraged me for the same. May God bless us all.

❑



വള്ളിക്കാട്ടിൽ ജോൺ അച്ചന്റെ സംസ്കാര ശുശ്രൂഷാ പ്രാർത്ഥനയിൽ ഡോ. തോമസ് മാർ അത്താനാസ്യോസ്, യൂഹാനോൻ മാർ മിലിത്തിയോസ് എന്നിവർക്കൊപ്പം യാക്കോബായ വിഭാഗത്തിലെ എബ്രഹാം മാർ സേവേറിയോസ് പങ്കെടുക്കുന്നു.



കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ അഭിമുഖ്യത്തിൽ നവീൻ ബാബുവിന്റെ കുടുംബം സന്ദർശിച്ചു. അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ, നഥാനിയേൽ റമ്പാൻ, ഫാ. പി. വൈ. ജെസൻ, കറന്റ് അഫേഴ്സ് കമ്മിഷൻ സംസ്ഥാന ചെയർമാൻ ജോജി പി. തോമസ്, വൈസ് ചെയർമാൻ അനീഷ് തോമസ്, കമ്യൂണിക്കേഷൻ കമ്മീഷൻ ചെയർമാൻ ലിനോജ് ചാക്കോ, എക്സിക്യൂട്ടീവ് അംഗം അനീഷ് കുന്നപ്പുഴ, മൈലപ്രസോൺ സെക്രട്ടറി സജി മുക്കരണത്ത് എന്നിവർ ഒപ്പം ഉണ്ടായിരുന്നു.




Madras Orthodox Convention at Chennai Koyembedu St. Peter's & St. Paul's Orthodox Church.



Amoss Annual Conference 2024 of Diocese of UK, Europe & Africa at Birmingham Uk.

## മലങ്കര സഭാ കേസിൽ കോടതി അലക്ഷ്യ നടപടികൾക്ക് ഒരുങ്ങി ഹൈക്കോടതി

കൊച്ചി: ആറു പള്ളികളിൽ കോടതി വിധി നടപ്പാക്കാത്തത് സംബന്ധിച്ച കൺടെംപ്റ്റ് കേസ് ഹൈക്കോടതി സിംഗിൾ ബെഞ്ച് പരിഗണിച്ചു. കോടതി അലക്ഷ്യ കേസിലെ ചീഫ് സെക്രട്ടറി, എറണാകുളം, പാലക്കാട് ജില്ലാ കളക്ടർ ഉൾപ്പടെ കോടതി വിധികൾക്കെതിരെ അലംഭാവം കാണിച്ച സർക്കാർ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള എല്ലാ എതിർകക്ഷികളും ചാർജ് ഫ്രെയിം ചെയ്യുന്നതിന് വേണ്ടി നവംബർ എട്ടിന് ഹൈക്കോടതിയിൽ നേരിട്ട് ഹാജരാകുവാൻ ഇടക്കാല ഉത്തരവിട്ടു. കോടതി വിധികൾ നടപ്പാക്കാതെ ഈ രീതിയിൽ മുന്നോട്ട് പോകാൻ ആവില്ലെന്നു ഹൈക്കോടതി ഓർമ്മിപ്പിച്ചു.



## ഫാ. ജോൺ വള്ളിക്കാട്ടിൽ അന്തരിച്ചു

കോലഞ്ചേരി: സഭയിലെ സീനിയർ വൈദികനും പ്രമുഖ സുവിശേഷകനുമായ ഫാ. ജോൺ വള്ളിക്കാട്ടിൽ (72) അന്തരിച്ചു. സംസ്കാരം സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തി.

സുഖത ധ്യാനകേന്ദ്രം ഡയറക്ടർ, ട്രിനിറ്റി റിട്ടയർമെന്റ് ഹോം സെക്രട്ടറി, കണ്ടനാട് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സ്ഥാപക സെക്രട്ടറി, എംജിഒസിഎസ്എം കേന്ദ്ര കമ്മിറ്റി ഉപാധ്യക്ഷൻ, കണ്ടനാട് ഭദ്രാസന ഓഫീസ് മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ചു.

മൂവാറ്റുപുഴ അരമന കത്തീഡ്രൽ, കോലഞ്ചേരി, കീഴുമുറി, കുറിഞ്ഞി, പാമ്പാക്കുട, കായനാട് പള്ളികളിൽ വികാരിയായും സേവനമനുഷ്ഠിച്ചു. ഭാര്യ: കായംകുളം പള്ളിനടയിൽ പരേതയായ സൂസൻ. മക്കൾ: ഫാ. ഗീവർഗീസ് വള്ളിക്കാട്ടിൽ (വികാരി, സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളി കാരമല കൂത്താട്ടുകുളം), ശേബ (അധ്യാപിക, പാവനാത്മ കോളജ് മുരിക്കാശേരി). മരുമക്കൾ: പഴന്തോട്ടം മുണ്ടയ്ക്കൽ മരിയ, ഇടുക്കി ചേലച്ചുവട് കിഴക്കേടത്ത് കെവിൻ ജോർജ് (കെഎസ്ഇബി കരിമണൽ).



## ലാൽ വർഗീസ് കൽപ്പകവാടി അന്തരിച്ചു

ആലപ്പുഴ: മുതിർന്ന കോൺഗ്രസ് നേതാവ് ലാൽ വർഗീസ് കൽപ്പകവാടി അന്തരിച്ചു. ആദ്യകാല കമ്യൂണിസ്റ്റ് നേതാവ് വർഗീസ് വൈദ്യന്റെ മകനും തിരക്കഥാകൃത്ത് ചെറിയാൻ കല്പകവാടിയുടെ സഹോദരനുമാണ്. 2021-ൽ യുഡിഎഫിന്റെ സ്ഥാനാർത്ഥിയായി രാജ്യസഭയിലേക്ക് മത്സരിച്ചിരുന്നു. കിസാൻ കോൺഗ്രസ് ദേശീയ വൈസ് പ്രസിഡന്റായും സേവനമനുഷ്ഠിച്ചു.

ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ഹോർട്ടി കോർപ് ചെയർമാൻ ആയിരുന്നു. കേരള കർഷക ക്ഷേമനിധി ബോർഡ് അംഗമായിരുന്ന ലാൽ വർഗീസ് കല്പകവാടി 17 വർഷം കർഷക കോൺഗ്രസ് സംസ്ഥാന പ്രസിഡന്റായിരുന്നു. സംഘടനയുടെ ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ്, ട്രഷറർ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിരുന്നു. 2016-ൽ കിസാൻ കോൺഗ്രസ് ദേശീയ കോ-ഓർഡിനേറ്ററായും പ്രവർത്തിച്ചു. ഭൗതികദേഹം ദഹിപ്പിച്ചശേഷം ചിതാഭസ്മം തേവലക്കര മർത്തമറിയം പള്ളിയിൽ സംസ്കരിച്ചു.